# വിലാസലതിക

(ഒരു ഭാഷാലഘുകാവ്യം)

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ

Digitized By Kerala Sahitya Akademi

# വിലാസലതിക

(ഒരു ഭാഷാലഘുകാവ്യം)

ഗ്രന്ഥകർത്താ

വള്ളത്തോൾ നാരായണമേനോൻ

പ്രസാധകൻ

കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ്

൧൦൮൪

PRINTERS:

THE MANGALODAYAM CO., LTD.,

TRICHUR.

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു തന്നെ)

Digitized By Kerala Sahitya Akademi

ഈ പുസ്തകം തൃശ്ശിവപേരൂർ മംഗളോദയം
കമ്പനിക്കാരോടാവശ്യപ്പെട്ടാൽ 10-ണ വിലയ്ക്കു കിട്ടുന്നതാണ്

Digitized By Kerala Sahitya Akademi

# മുഖവുര

---

സംസ്കൃതഭാഷയിലുള്ള 'അമരുകാ'ദി കൃതികളെപ്പോലെ ശൃംഗാരമയമായ ഒരു സ്വതന്ത്രകാവ്യം മലയാളത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലെന്നു യഥാർത്ഥസാഹിത്യരസികന്മാർക്കെല്ലാവർക്കും അറിയാമല്ലോ. എന്നാൽ, മലയാളത്തിൽ ശൃംഗാരകൃതികളെന്നു പറയുന്ന ചില ചില്ലറ കൃതികൾ ഉണ്ടായിട്ടുണ്ടെന്നും ദിനംപ്രതി ഉണ്ടായ്‌വരുന്നുണ്ടെന്നും പല പുസ്തകവ്യാപാരികളുടേയും പുസ്തകപ്പട്ടികകളിൽനിന്നും നാം അറിയുന്നുണ്ടെന്നു മാത്രമല്ല, അവയിൽച്ചിലതെല്ലാം വായിക്കുവാൻ നമുക്കു സംഗതിവന്നിട്ടുമുണ്ട്. പക്ഷേ, അതുകളെ ശൃംഗാരകൃതികൾ എന്നു പറയുന്നതിനെക്കാൾ അധികം നല്ലത് 'അമ്മായിശ്ലോക'ങ്ങൾ എന്നുതന്നെ പറയുന്നതായിരിക്കും എന്നു തോന്നുന്നു. ആവക ആഭാസകൃതികളുടേ ആവിർഭാവത്താൽ ഭാഷാകവികളുടെ ശൃംഗാരകൃതികളെല്ലാം ഇപ്രകാരത്തിലാണെന്നുള്ള ഒരു ധാരണ മിക്കവരുടേയും മനസ്സിൽ വേരൂന്നിക്കിടക്കുന്നതുകൊണ്ടു, ശൃംഗാരകൃതി എന്നു കേൾക്കുമ്പോൾത്തന്നെ പല

Digitized By Kerala Sahitya Akademi

രസികന്മാരും നെററി ചുളിക്കുന്നതിൽ അശേഷം അത്ഭുതപ്പെടുവാനില്ലല്ലോ. രസചക്രവർത്തിയായ ശൃംഗാരത്തിന്നു നേരിട്ടിട്ടുള്ള ഈയൊരപഖ്യാതിയെ നിശ്ശേഷം ദൂരീകരിക്കുന്ന ഈ 'വിലാസലതിക' ഭാഷാഭാണ്ഡാഗാരത്തിലേയ്ക്കു അനശ്വരമായ ഒരു കാവ്യരത്നമായിത്തീർന്നിട്ടുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ലെന്ന് എനിക്കു ദൃഢവിശ്വാസമുണ്ട്.

ഈ കൃതിയിലടങ്ങിയ 40 ശ്ലോകങ്ങൾ, കർത്താവിന്റെ പേർ വെയ്ക്കാതെ 'കവനകൌമുദി'യിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതു പലരും വായിച്ചിരിക്കാനിടയുണ്ട്. ആ അവസരത്തിൽത്തന്നെ അതിനെപ്പററി പല മാന്യന്മാരും പ്രശംസിക്കുകയും, വിശേഷിച്ച്, മഹാകവി കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് 'ആശയവിശേഷത്തോടുകൂടിയ ഈ ലളിതകൃതി അസ്സലായിരിക്കുന്നു' എന്ന് എന്നോടൊരിക്കൽ തുറന്നുപറയുകയും ചെയ്തിട്ടുണ്ട്.

ഇത് എഴുതിക്കഴിഞ്ഞിട്ട് ഇപ്പോൾ ഒന്നരക്കൊല്ലത്തോളം കാലമായി. ഒരു വെറുംശൃംഗാരകൃതിയാകയാൽ അച്ചടിപ്പിക്കുവാൻ ഇതിന്റെ കർത്താവായ ആ മഹാകവി ഇതേവരെ സംശയിച്ചിരിക്കയായിരുന്നു. എന്റേയും അദ്ദേഹത്തിന്റെ മററു ചില

Digitized By Kerala Sahitya Akademi

സ്നേഹിതന്മാരുടേയും, ഒഴിച്ചുകൂടാത്ത നിർബ്ബന്ധത്താലാണ് ഈ അവസരത്തിലെങ്കിലും ഈ വിശിഷ്ടകൃതി പുസ്തകരൂപമായി പുറത്തിറങ്ങിയത്. ഭാഷായോഷയുടെ ഭാഗ്യത്താലോ, ഞങ്ങളിൽ ചിലരുടെ പേരിൽ ഗ്രന്ഥകർത്താവിന്നുള്ള ശിഷ്യനിർവ്വിശേഷമായ സ്നേഹത്താലോ, അദ്ദേഹം ഞങ്ങളുടെ ആഗ്രഹം സാധിപ്പിച്ചുതന്നു എന്ന് സന്തോഷപൂർവ്വം പ്രസ്താവിക്കാതെ നിവൃത്തിയില്ല.

അസാമാന്യമായ ആശയഗാംഭീര്യമുള്ള ഈ കാവ്യത്തിന്ന് അല്പജ്ഞനായ ഞാൻ എഴുതിച്ചേർത്ത ചെറുടിപ്പണികൊണ്ടു വലിയ ഉപകാരമൊന്നുമുണ്ടാവില്ലെന്ന് എനിക്കുതന്നെ അറിയാം. എന്നാൽ വടക്കേ മലയാളത്തിലെ നല്ലൊരു പണ്ഡിതനായ മിസ്റ്റർ എം. കോരപ്പൻ ഗുരുക്കൾ ഇതിന്നൊരു സവിസ്തരവ്യാഖ്യാനം എഴുതി വരുന്നുണ്ട്. അത് മുഴമിച്ചാൽ, അതോടുകൂടി ഇതിന്നൊരു രണ്ടാം പതിപ്പു താമസിയാതെ ഉണ്ടാവാൻ ആഗ്രഹിച്ചുംകൊണ്ട്, ഈ കാവ്യരത്നത്തെ ഞാൻ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ 19—2—91 } കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പ്
പ്രസാധകൻ.

Digitized By Kerala Sahitya Akademi

# വിലാസലതിക.

(ഒരു ഭാഷാലഘുകാവ്യം.)

കുന്തളാവലി വിയത്ത പൂങ്കവിളിൽ മിന്നി-
　　യും, കുളുർമുലക്കുടം
ചന്തമോടു നടമാടിയും, പൃഥുനിതംബ-
　　മണ്ഡലമുലഞ്ഞുമേ,
ചെന്തളിർത്തനു തളന്നിടും പടി, സലീല,-
　　മദ്രിജ നിജാന്തികേ
പന്തടിക്കെ, നിടിലാക്ഷനാന്നപുളകം ന-
　　മുക്കരുളുക മംഗളം. 1

ആരാൽ നിമ്മിതനായ് പ്രജാസമുദയ-
　　ത്തിന്നാത്മഭൂവാ;-രെ നേ-
ക്കാരാധിച്ചവരുന്നവക്കു പരമാ-
　　നന്ദം കരാഗ്രസ്ഥിതം;
തീരാ വാഴ്ത്തുകിലത്രയുണ്ടു മഹിമാ-
　　വാക്കാ;-രിലാദൃതമെ-

Digitized By Kerala Sahitya Akademi

ല്ലാരാലും കഥിതം; ജയിക്കു ചിരമാ-
ശൃംഗാരനാരായണൻ. 2

ഒരു യുവാവ് ഒരു സുന്ദരിയെ കാണുന്നു:—

ലാവണ്യക്കടലിൽക്കളങ്കമിയലാ-
തുണ്ടായ വാർതിങ്കളോ,
പൂവമ്പന്റെ പുകഴ്ച കാട്ടി വിലസും
പുത്തൻകൊടിക്കൂറയോ,
ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതോ,
ശൃംഗാരസൂക്തോന്മിഷൽ-
കൈവല്യപ്പൊരുളോ, നമുക്കെതിരിലി-
ക്കാണാകുമേണാക്ഷിയാൾ? 3

പ്രൗഢയായ നായികയുടെ അരികിൽ, നേരം വൈകിച്ചെന്ന നായകൻ, തനിക്കുണ്ടായ അനുഭവത്തെ നർമ്മസചിവനോടു പറയുന്നു:—

മാരൻ വിട്ട ശരം കണക്കതിജവാൽ
ഞാനങ്ങുചെന്നെത്തവേ,
നേരം ചെററു കവിഞ്ഞ തെററിനിവനെ-
പ്പൊങ്കാപ്പണിക്കൈകളാൽ
സൈരം കെട്ടിവരിഞ്ഞു നിർത്തി, വികസ-
ദ്രോമാഞ്ചമാം നെഞ്ചിലാ

2. ശൃംഗാരത്തിന്റെ ദേവതയും വിഷ്ണുവാകുന്നു.

Digitized By Kerala Sahitya Akademi

നീരന്ധ്രോച്ചകുചങ്ങളാൽച്ചിരതരം
മർദ്ദിച്ചു മുഗ്ദ്ധാംഗിയാൾ. 4

---

നായകന്റെ വാക്ക്. നായിക മുഗ്ദ്ധ:—

മങ്കത്തയ്യിനെ, മഞ്ജുവാക്കുകൾ പറ-
ഞ്ഞൊട്ടൊട്ടടുപ്പിച്ചു ഞാൻ
തങ്കപ്പട്ടുറവുക്കതൻനടുവിലായ്-
ക്കയ്യൊന്നുവെച്ചീടവേ,
തങ്കൽത്തീപ്പൊരി വീണ പോലെ തരസാ
തട്ടിപ്പിടഞ്ഞു,ച്ചലൽ-
ക്കൊങ്കച്ചെപ്പുകൾ മെത്തമേലമരുമാ-
റാക്കിക്കിടന്നാളവൾ. 5

---

സപത്നിയുടെ അടുക്കൽ രാത്രി കഴിച്ചു പ്രഭാതത്തിൽ സമാഗതനായ നായകനെ, പ്രൌഢയായ നായിക ഈർഷ്യാകോപത്തെ മറച്ചു മർമ്മോൽഘാടനം ചെയ്തുകൊണ്ടു സ്തുതിവ്യാജേന നിന്ദിക്കുന്നു:—

മീനാക്ഷോപമ! കൺകലക്കമിവിടെ-
യ്ക്കൊട്ടല്ലുറങ്ങായ്കയാൽ;
മ്ലാനാപാണ്ഡുരമായ്ച്ചമഞ്ഞിതു മണം
വീശുന്ന പൂമേനിയും;
ഞാനായിന്നലെ രാത്രി മാത്രമയി, ഹാ!
വേർപെട്ടതിൻമൂലമി-

Digitized By Kerala Sahitya Akademi

ദ്ദൂനാവസ്ഥയിലായ് ഭവാൻ; മയി തവ
സ്നേഹം മഹത്തെത്രയും! 6

---

രാത്രിയിൽ, ഈർഷ്യാകോപം നിമിത്തം പ്രത്യാഖ്യാതനായ നായകൻെറ സമാഗമം പിന്നെ സ്വപ്നത്തിൽ അനുഭവിച്ച നായികയുടെ രാവിലത്തെ സ്ഥിതി കവി വർണ്ണിക്കുന്നു:—

'എങ്കൽ, പ്രാണപതേ, കനിഞ്ഞരുളുകെൻ-
കുററം പൊറുത്തെ'ന്നു,ഷ-
സ്സിങ്കൽത്തങ്ങളിൽ നോക്കി നിന്നു സഖിമാ-
രാത്തസ്മിതം കേൾക്കവേ,
തങ്കക്കൂട്ടിലിരുന്നു തത്ത തെളിവായ്-
ച്ചൊല്ലുംവിധൌ ലജ്ജയാൽ
തങ്കൽത്തന്നെ ലയിച്ചുപോയ് തരളയാം
തണ്ടാർമിഴിത്തയ്യലാൾ. 7

---

പ്രോഷിതഭർത്തൃകയായ നായികയുടെ വസന്തകാലവർദ്ധിതമായ വിരഹതാപത്തെ കണ്ടിട്ട്, അപായശങ്കിനിയായ സഖി, അവളുടെ ഒരു സ്നേഹിതനോടു പറയുന്നു:—

കാലം കോകിലകാകളീകളകളം
ചിന്തും വസന്തം; ലസ-
ന്മാലത്യാദിമണം ചുമന്നു പെരുമാ-
റീടുന്നു മന്ദാനിലൻ;
നീലത്താർമിഴി കോകിതൻ നിലയിലാ-
ണി;-ന്നോളവും വന്നുചേ-

Digitized By Kerala Sahitya Akademi

ന്നീലദ്രേഫ;-മനംഗദേവനൊരുവൻ
കണ്ടു കലാശം സഖേ! 8

---

പ്രണയകലഹിതയായ നായികയെ നായകൻ അനുനയിപ്പിക്കുന്നു:—

സദ്വർണ്ണാഞ്ചിതശയ്യ ചേർന്ന,ഴകെഴും
ഭാവപ്രഭാവത്തൊടും,
മൃദ്വംഗാനുഗുണപ്രയുക്തവിവിധാ-
ലങ്കാരസമ്പത്തൊടും,
വിദ്വല്ലാളിതകാളിദാസകവിത-
യ്ക്കൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ, കിമപി കൈ-
ക്കൊൾകാ പ്രസാദത്തെയും. 9

---

മിക്കപേരും ഉത്സവം കാണ്മാൻ പോയിരിക്കുന്ന ലാക്കിൽ പ്രിയയെ കാണ്മാൻ ചെന്ന കാമുകൻ, ‘.. ഞെന്തേ ഉത്സവത്തിനു പോകാഞ്ഞത്’ എന്ന് അവൾ ചോദിച്ചതിനു മറുവടി പറയുന്നു:—

കാലോന്മാഥിനികേതനത്തിലധുനാ
മാമൂലിനൊത്തേപ്പെട്ടും
ലീലോദാരമഹോത്സവം സരസമായ്
ക്കാണട്ടെ നാനാജനം;
ആലോലാളകമീ മുഖം മിഴികളെ-
ക്കൊണ്ടാസ്വദിക്കുന്നതാ-

Digitized By Kerala Sahitya Akademi

ണീ, ലോകത്തിലെനിക്കു, മാന്യദയിതേ,
മംഗല്യതുംഗോത്സവം! 10

---

കവിവാക്യം. സ്പഷ്ടം:—

'ആരോ വിട്ടൊരു 'ചുട്ട്' കത്തിതു ദൃഢം!
ചൂടുള്ളതല്ലെങ്കിൽ നിൻ
താരോടൊത്ത കരദ്വയത്തിനിതെട്ട–
ത്തപ്പോൾ വിയപ്പോലുമോ?'
ആരോമൽക്കണ്ണവന്റെ കാമലിഖിതം
നോക്കിസ്സുഖിക്കുന്നവാ–
റോ,രോന്നേവമുരച്ചു തോഴി കളിയാ–
ക്കുന്നൂ കയൽക്കണ്ണിയെ. 11

---

നായകൻ യാത്രോദ്യുക്തനായിരിക്കുമ്പോൾ ഒരു നവോഢയായ നായികയുടെ സ്ഥിതി:—

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്,–
ത്തന്മന്ദിരത്താഴ്‌വര–
ത്തൂണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങിനെ,
'കാണാം താമസിയാതെ'യെന്നൊരുവിധം
ബന്ധുക്കളോടോതിടും
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്നു മൽക്കണ്ണിയാൾ. 12

---

Digitized By Kerala Sahitya Akademi

തന്റെ ബാല്യസുഹൃത്തും പ്രേമഭാജനവുമായ യുവാവിന്റെ സമാഗമം ലഭിയ്ക്കായ്കയാൽ അത്യുൽക്കണ്ഠിതയായിത്തീൎന്നിരിക്കുന്ന ഒരു യുവതി സഖിയോടു പറയുന്നു:—

കുട്ടിക്കാലമതെത്ര തുഷ്ടികര!-മ-
ന്നദ്ദേഹമെന്നോടു ചേർ-
ന്നൊട്ടിട്ടുള്ള ദിനം ചുരുങ്ങു;-മൊരുമി-
ച്ചല്ലാതെയില്ലൊന്നുമേ;
കിട്ടില്ലൊട്ടിട,യിപ്പോഴാസ്സുഭഗനെ-
ക്കാണാനുമെന്നായി; പാ-
ത്തിട്ടിൽദുസ്ഥിതിഹേതുവിങ്ങു ഹതമാ-
മീ യൌവനം താനഹോ! 13

---

സഖി ഉപദേശിച്ചിരുന്ന പ്രകാരം ഈൎഷ്യാകോപത്തെ അവലംബിച്ച നായിക, ഭൎത്താവിന്റെ അനുനയത്തിന്നു താൻ ക്ഷണേന വഴിപ്പെട്ടുപോയതിൽ കുപിതയായിത്തീൎന്നു സഖിയെ പ്രസാദിപ്പിയ്ക്കുന്നു:—

'തങ്കത്താർമുഖമഞ്ജസാ തവ തുട-
ത്തല്ലോ; പ്രവാളാധര-
ത്തിങ്കൽച്ചേൎന്നു ലസിച്ചിടട്ടെയിനിയാ-
പ്പീതതപ!'-മെന്നിങ്ങിനെ,

---

14. പീതതപം=മഞ്ഞനിറമുള്ളത് എന്ന അവസ്ഥ; പാനം ചെയ്യപ്പെട്ടത് എന്ന അവസ്ഥ എന്നും.

Digitized By Kerala Sahitya Akademi

സങ്കല്പസ്ഥിതി തെററുമാററിവളൊടാ-
ക്കല്യൻ കഥിയ്ക്കുന്നവാ-
റെങ്കൽ, ത്തോഴി, ചൊടിയ്ക്കൊലാ! ചിരിയട-
ക്കീടാൻ കഴിഞ്ഞില്ല മേ. 14

ശ്രേഷ്ഠപൂൎവ്വയായ നൎത്തകിയിൽ അഭിനിവേശം ജനിച്ച യുവാവ് അവളെപ്പററി തോഴനോടു പറയുന്നു:—

സ്വേദം ചിന്നി, ഹിമാംബു വീണ പനിനീർ-
പ്പൂവൊത്ത വക്ത്രത്തിനാൽ
നാദബ്രഹ്മരസാനുഭൂതി സഭിക-
ൎക്കേകിസ്സലീലം, സഖേ,
ഖേദം വീണ്ടുമരയ്ക്കിയററിയ കുച-
പ്പൊൻചെപ്പലച്ചി, പ്പൊഴും
വൈദഗ്ദ്ധ്യത്തൊടു ചെയ്യുതുണ്ടു നടമെൻ-
ചിത്തത്തിലത്തന്വിയാൾ. 15

വസന്തത്തിൽ ഉൽക്കടദശയെ പ്രാപിച്ചിരിക്കുന്ന വിരഹവേദന നിമിത്തം മരണാഭിലാഷിണിയായ നായിക സഖിയോടു പറയുന്നു:—

പൂവർഷം തുടരുന്നു മന്ദപവനൻ;
പാടുന്നു പുംസ്കോകിലം;
ഭൂവമ്പെപ്പടരുന്നു ഭൃംഗപടലീ-
ഝങ്കാരവാദ്യാരവം;

Digitized By Kerala Sahitya Akademi

ഏവം മൃത്യുമഹോത്സവം മമ സമാ-
രംഭിച്ചേ,യെന്താണു തൻ
ഭാവം മാറി വിഷാദമേറി വിഷമി-
ച്ചീടുന്നതെൻതോഴി നീ? 16

---

പ്രായസ്ഥിതിക്കനുസരിച്ചു ബാല്യത്തിലുണ്ടായിരുന്ന വിദ്യാ സഹവാസാദികളെ ഉപേക്ഷിക്കേണ്ടിവന്ന അനന്തരകാലത്തു യുവാവു, തങ്കൽ സ്നേഹഭംഗത്തെ ശങ്കിക്കുന്ന പ്രണയിനിയോടു ദൂതീമുഖേന പറയുന്നു:—

ആ വിദ്യാർത്ഥികളല്പ നമ്മളിതുനാ-
ളെ;-ങ്ങിന്നിമേലാസ്സുഖം?
ഹാ! വിശ്വാസവിഭംഗമത്രഭവതി-
ക്കെൻപേരിലുണ്ടാകൊലാ!
ഭൂവിൽദ്ദൂഷണശീലരേറു;-മവരെ-
ക്കന്നിക്കു കൂസാതെ മേ
ജീവിപ്പാനിഹ, ജീവിതേശ്വരി! ഭവ-
ച്ചിത്രം വശത്തില്ലയോ? 17

---

പ്രിയതമനെ കൂട്ടിക്കൊണ്ടുവരുവാൻ അയക്കപ്പെട്ടിട്ട്, ആയാളുമായി സ്വയം രമിച്ചു തിരിയെ വന്ന സഖിയോടു നായികയുടെ വക്രോക്തി:—

പങ്കാശ്മാദിപരീതമാകിയ വഴി-
ക്കിക്കൂരിരുട്ടത്തു, നീ



Digitized By Kerala Sahitya Akademi

കൺകാണാഞ്ഞു കമിഴ്ന്നുവീണ,ധരമ-
ദ്ധ്യേദ്ധ്യാ! മുറിപ്പെട്ടുപോയ്;
തൽകാര്യത്തിനു, നിന്നെയാക്കിതവനെ-
ക്കാണ്മാനയച്ചീട്ടുശാ-
തങ്കാപ്ലിസ്സിടയാക്കി ഞാൻ; സഖി, മമ
സ്വാൎത്ഥസ്പൃഹസ്സായ്ത്തൊഴാം. 18

ഒരു തൂററംതിരക്കുള്ള ക്ഷേത്രത്തിൽവെച്ചു കാമുകനെ കൂടക്കൂടെ കടാക്ഷിക്കുന്ന നായികയോടു വിദഗ്ദ്ധയായ സഖി ചോദിക്കുന്നു:—

ഹേ മൽത്തോഴി, വിലക്ഷതാവിലസിതം
കൊണ്ടൊട്ടു കൂമ്പി, സ്ഫുരൽ-
പ്രേമത്താൽ വികസിച്ചു, മന്മഥരസ-
ത്തേററംകലൎന്നുള്ളതായ്,
ത്തൂമന്ദസ്മിതമായ പാലിൽ മുഴുകി-
ച്ചോരീയപാംഗോൽപല-
സ്തോമത്താൽ സ്വയമേതൊരീശ്വരനെയാ-
ണൎച്ചിപ്പതിത്തവ്വിൽ നീ? 19

തന്റെ പ്രാൎത്ഥനകളെ നിരസിക്കുന്ന ഒരു വീണവായനക്കാരിയോട്, അവളിൽ അത്യന്താഭിനിവിഷ്ടനായ യുവാവിന്റെ ആവലാതി:—

Digitized By Kerala Sahitya Akademi

ചെന്നാളീകദളത്തിനൊത്തു വിലസും
കണ്ണിങ്ങണഞ്ഞാതെ താ-
നൊന്നായ്'ക്കമ്പിപിണച്ചിതി'യ്യൊരു മരം
പോലായ മൎത്ത്യങ്കൽ നീ!
എന്നാലീദ്ദശവല്ലകീരസികയാം
നിന്നന്തികേ 'വീണ' ഞാൻ
നന്നായ്ച്ചെയ്യൊരു രാഗവിസ്തൃതി രസി-
ച്ചീടാത്തതെന്താണു തേ? 20

---

ചിരോൽക്കണ്ഠിതന്മാരായി, ഒരിക്കൽ യദൃച്ഛയാ ഒരു വിജനപ്രദേശത്തുവെച്ചു തമ്മിൽ കണ്ടുമുട്ടിയ യുവാക്കളിൽ, പുരുഷൻ ലജ്ജാവതിയായ പ്രിയയോടു പറയുന്നു:—

ജീവപ്രേയസി, പോരുമിങ്ങഭിമത-
പ്രത്യൎത്ഥിയാമീ ത്രപാ-
വൈവശ്യം; ദ്രുതമൊന്നുയൎത്തുക സുധാ-
സാരാധരം നിന്മുഖം!
ദൈവം മുററുമനുഗ്രഹിച്ചരുളിയോ-
രിസ്സന്മുഹൂൎത്തത്തെ നാ-
മേവം നിഷ്ഫലമാക്കിയാല, തവിടെ-
ക്കയ്യോ! സഹിച്ചീടുമോ? 21

---

Digitized By Kerala Sahitya Akademi

പ്രിയയുമായിപ്പിരിഞ്ഞു, കച്ചവടത്തിനായി അന്യരാജ്യത്തെയ്ക്കു പോകാൻ തുടങ്ങുന്ന നായകന്റെ ആത്മഗതം:—

നീരന്ധ്രാളകമിന്ദ്രനീലം;-മമലം
പല്ലൊക്കെ മുത്തു;-ൽസ്മിതം
ഹീരം; മൽപ്രിയതന്റെ ചുണ്ടു പവിഴം;
പൂമേനി ഗോമേദകം;
ആ രത്നങ്ങൾ വശത്തിലുള്ളിവനി,താ,
സ്വല്പം ധനം നേടുവാൻ
ദൂരത്തെയ്ക്കു ഗമിക്കയാണു: കഠിനം
നിൻപ്രാഭവം ലോഭമേ! 22

---

നിപുണയായ നായിക സഖീമദ്ധ്യത്തിൽവെച്ചു കാമുകനു സമാഗമാവസരത്തെ ഗൂഢമായി മനസ്സിലാക്കിക്കൊടുക്കുന്നു:—

കാന്തൻ സന്നിധി പൂകവാറൊരൊളികൺ-
കോണേറിനാൽ സ്വാഗതം
സാന്തസ്സസ്മിത, മാളിമാർക്കിടയിൽവെ-
ച്ചോതിസ്സരോജാക്ഷിയാൾ
കുന്തൽക്കെട്ടിനു മേലണിഞ്ഞ പനിനീർ-
പ്പുഷ്പത്തെയുൽക്ഷിപ്തമ-

---

23. കറുത്ത ആകാശത്തിൽ അന്തിച്ചുകപ്പു തീരെ മാഞ്ഞുപോയ ഉടനേ എത്തിക്കൊൾക എന്നു ഹൃദയം.

Digitized By Kerala Sahitya Akademi

സ്ഥാന്തത്താൽ സ്വയമുള്ളിലേശ്ശു തിരുകി-
ക്കാണാതെയാക്കീടിനാൾ. 23

---

ക്രമേണ മുഗ്ദ്ധാവസ്ഥയിൽനിന്നു മോചനം കിട്ടിത്തുടങ്ങിയ ഒരു നവോഢയുടെ ലീലാഗ്രഹവ്യാപാരത്തെ കവി വർണ്ണിക്കുന്നു:—

ഏണപ്പെൺമിഴിയോടടുത്തു കണവൻ
കൈ തോളിൽ വെച്ചപ്പൊ,'ഴെ-
ന്താണങ്ങേക്കുധുനാ വിയപ്പുത?-യി, ഞാൻ
വീശാം കുറച്ചെ'ന്നുടൻ,
നാണം ഹന്ത! പൊറാഞ്ഞയാൽ വിശറിയൊ-
ന്നപ്പൊന്മണീകങ്കണ-
ക്വാണം പൂണ്ട കരത്തിലേന്തി, യതിനാൽ
ദീപം കെടുത്താളവൾ. 24

---

ഒരു യുവാവു, തനിക്കു ദല്ലഭയെന്നപോലിരിക്കുന്ന സുന്ദരിയുടെ അടുക്കൽ, തൻെറ അഭിനിവേശത്തെ അന്യാപദേശരീത്യാ വെളിപ്പെടുത്തുന്നു:—

പച്ചപ്പട്ടും തൊഴും നിൻമൃദുലതനു തലോ-
ടുന്നു; തന്നങ്കഭാഗേ
വെച്ചംഭോജാക്ഷി വെള്ളിത്തളികയിലെ നറും-
പാലെടുത്തേകിടുന്നു;

Digitized By Kerala Sahitya Akademi

നൽച്ചന്തം ചേൎന്ന നമ്മോക്തികളിടയിലുര-
സ്സുന്നു; മുൻജന്മമെന്തോ
മെച്ചം പൂണ്ടുള്ള പുണ്യം, ശുകതരുണ, ഭവാൻ
ചെയ്തിരിയ്ക്കുന്നു നൂനം! 25

---

ജാഗരക്ലിഷ്ടനായ വിരഹിയുടെ അപേക്ഷ:—

സന്താപോഷ്മളവീൎപ്പുകൊണ്ടു മൃദുവാം
ചുണ്ടാകെ വാടി, ക്കര-
ച്ചെന്താരിൽപ്പതിയും വിളൎത്ത കവിളിൽ-
ക്കണ്ണീരൊലിപ്പാടുമായ്,
ചിന്താക്രാന്തി വെളിപ്പെടുത്തി വിലസും
തന്വീമുഖാബ്ജത്തെ ഞാൻ
ഹന്താനന്ദമൊടൊന്നു കാണ്മതിനെൻ-
നിദ്രേ, പ്രസാദിയ്ക്കു നീ! 26

---

വളരെ ദിവസങ്ങൾകൊണ്ടു ദൂരദിക്കിൽനിന്നു തിരിച്ചെത്തിയ നായകൻെറ അടുക്കൽച്ചെന്നു നായികയുടെ താൽക്കാലികാവസ്ഥയെ തോഴി അറിയിയ്ക്കുന്നു:—

ഹേ പത്മാക്ഷ, ഭവാൻ വരാഞ്ഞിതുവരെ
ക്ലേശിച്ചു സാദ്ധ്വിയ്ക്കു സ-
ന്താപപ്പെട്ടു പുലൎത്തിടേണമിനിയും
മുപ്പാണ്ടു മുന്നാളിനാൽ!

Digitized By Kerala Sahitya Akademi

ആപത്തിന്നു കടന്നു, വൃത്രമഥനൻ-
    തൻ ബ്രഹ്മഹത്യാമഹാ-
പാപത്തിൽബ്ഭൂത, പങ്കുകൊണ്ടു പഴ്തേ
    പണ്ടത്തെ മുത്തശ്ശിമാർ!! 27

---

തന്റെ യഥാർത്ഥാനുരാഗത്തിന്നു പാത്രീഭൂതനും, ദൈവേച്ഛയാൽ മററൊരു സ്ത്രീയുടെ ഭർത്താവായി വിദേശത്തു താമസിക്കുന്നവനുമായ യുവാവിനെക്കുറിച്ച് ഉൽക്കണ്ഠിതയായ ഒരു മനസ്വിനി തന്നെത്താൻ പറയുന്നു:—

നേരററാത്മമനോഗുണങ്ങൾ വെളിവിൽ-
    ക്കാട്ടുന്ന കണ്ണാടിയാ-
മാ രമ്യാസ്യമഗമ്യമായ്‌വരികയാൽ-
    പ്പാഴായൊരെൻനേത്രമേ,
സ്ത്രീരത്നോത്തമധന്യയാം പ്രിയയുമായ്-
    സ്സൌഖ്യത്തൊടും മേവുമാ-
ധീരൻതൻ ചരിതാമൃതം നുകരുമി-
    ക്കണ്ണെത്തെ വന്ദിപ്പൂ നീ. 28

---

27. ഇന്ദ്രന്റെ ബ്രഹ്മ(വൃത്ര)ഹത്യാപാപം നാലായി വിഭജിക്കപ്പെട്ടതിൽ, ഒരംശമാണ് സ്ത്രീകളിൽ ആർത്തവരൂപേണ വർത്തിക്കുന്നത് എന്നു പൌരാണികമതം.

Digitized By Kerala Sahitya Akademi

ഈൎഷ്യാകോപവികാരങ്ങളെക്കണ്ടിട്ട, താൻ നിരപരാധനെന്ന നാട്യത്തിൽ, കാരണം ചോദിക്കുന്ന നായകനോടു ഖണ്ഡിതയായ നായികയുടെ വക്രോക്തി:—

ആയാസം തവ സംഭവിക്കിൽ, നെടുവീ-
ൎപ്പെന്മട്ടു വാഴ്കില്ലെനി-
ക്കി?—യാരക്തതയെന്മിഴിക്കണയുവാൻ
മൂലം ഭവജ്ജാഗരം;
ശ്രീയാളും മഷി നിന്മുഖേ പതികയാ-
ലെൻവക്ത്രവും ശ്യാമമായ്;
പ്രേയാനങ്ങു മറന്നിതോ കഥകൾ? നാം
രണ്ടാളുമൊന്നല്ലയോ! 29

ലീലാലാലസമാരായ ദമ്പതിമാരുടെ മധുപാനം:—

സൌരഭ്യം ചിതറും പടിക്കു ചെറുതാം
പൊൻഭാജനത്തിൽപ്പക-
ൎന്നാ,രക്താശയയാം സുധാധരിയെ മു-
ല്പാടാസ്വാദിപ്പിച്ചു താൻ
പാരം മാധുരി കൈവളൎത്ത മധുവാൽ
പഞ്ചായുധായോധന-
പ്രാരംഭോചിതവീരപാണമിരവിൽ-
ച്ചെയ്യുന്നു ധന്യൻ പ്രിയൻ. 30

---

29. നയനചുംബനമാണ് മുഖത്തെ മഷിക്കു കാരണം.

വിയോഗതാപത്തിൻെറ അത്യുൽക്കടദശയെ പ്രാപിച്ചിരിക്കുന്ന കാമുകി ശീതോപചാരനിരതമാരായ സഖികളോടു പറയുന്നു:—

ഹൃദ്ദേശം ചുടുമുൽഗൃഹം പുറമതു-
നാലേ ശമിച്ചേക്കുമെ-
ന്നുദ്ദേശിച്ചി,ഹ പാഴ്വേലയിനിയും
ചെയ്യാതെ,യെന്തോഴിമാർ
മദ്ദേഹം വിടുവാൻ കിടന്നുഴറുമീ-
പ്രാണന്നി,തിൻനാഥനാ-
മദ്ദേഹം ദയ ചെയ്തനുജ്ഞയരുളാ-
നായ്ച്ചെന്നപേക്ഷിക്കുവിൻ! 31

---

പ്രണയകലഹിതയായ നായികയോടു നായകൻെറ അനുനയോക്തി:—

ഓമൽച്ചെഞ്ചൊടി മുന്തിരിങ്ങ; മൃദുവാം
കൈത്തണ്ട പൂവൻപഴം;
ശ്യാമഭ്രൂവലരമ്പവില്ലു; രസിക്കും
ചെന്തെങ്ങിളനീരു താൻ;
ഈമട്ടൊക്കെയുമൊന്നുപോലെ മധുരം
നിന്നംഗ;-മിന്നെന്തുവാൻ

3 *

Digitized By Kerala Sahitya Akademi

ഹാ! മസ്സുണ്ണി, കഷായമായി പവിഴം
പോലേ തവാക്കിടായം? 32

ഈൎഷ്യാകോപം നിമിത്തം പ്രത്യാഖ്യാതനായ നായകന്നു, പശ്ചാത്താപാൎത്തയായ നായികയുടെ കത്തു കൊണ്ടുകൊടുത്ത ദൂതി, അവളുടെ ചങ്ങാതിയോടു പറയുന്നു:—

തീരാത്തുള്ളനുതാപമാൎന്നു,ണവിയ-
ൎപ്പോടും വിറയ്ക്കുന്ന കൈ-
ത്താരാൽത്തനാടി കുറിച്ചതന്ന വിവര-
ക്കത്തിൽപ്പുലേടത്തിലും,
ആ രാഗം ചിതറീടുമക്ഷരഗണം
വിസ്പഷ്ടമാകായ്കിലും,
സാരാൎത്ഥഗ്രഹണത്തിനാസ്സുരസനു-
ണ്ടായീലൊരായാസവും. 33

തന്റെ മുഗ്ദ്ധാവസ്ഥ നീങ്ങിയിട്ട് ഏറെ നാൾ കഴിയുന്നതിന്നു മുമ്പെ പ്രിയവിയോഗം അനുഭവിപ്പാൻ ഇടവന്ന നായിക തന്നെത്താൻ ആവലാതിപ്പെടുന്നു:—

പ്രേയാനോടരിയാടുകില്ല; പുണരാൻ
നീട്ടുന്ന കൈ തട്ടു;-മെ-

32 കഷായം=രക്തവൎണ്ണം; ചവൎപ്പുരസമുള്ളത് എന്നും. പവിഴത്തിന്റെയും രസം ചവൎപ്പാണ്.

Digitized By Kerala Sahitya Akademi

ന്നായാലും മുഖമൊന്നുയൎത്തുകയുമി-
ല്ലീ; മട്ടു ലജ്ജാവശാൽ,
പോയാൽപ്പിന്നെ വരാത്ത നാളുകളെയ-
ന്നൊട്ടല്ല പാഴാക്കി ഞാ-
നീ; യാദൃച്ഛികവിപ്രയോഗരുജയാ-
ദ്ദുശ്ചേഷ്ടിതത്തിൻ ഫലം! 34

---

പ്രിയതമാസമാഗമത്താൽ ഹൎഷിതചിത്തവൃത്തിയായ നായകന്റെ വിചാരം:—

സുതാരുണ്യം ചേരും പ്രണയവതിയാം
പ്രൌഢമടവാർ;
വിതാനസ്രഗ്ഗേഹല്ലനവപരിമളം
കേളിസദനം;
കൃതാനംഗോന്മേഷം മധുരമധു; കൂ-
റുള്ള സഖിമാ-
രി;-താണോമൽസ്വൎഗ്ഗം ജഗതി; വെറുതേ
ചൊൽവതിതരം! 35

---

ഉൽക്കണ്ഠാതിരേകം നിമിത്തം കാമുകാനാഗമനത്തെ ശങ്കിച്ചു സന്തപിക്കുന്ന നായികയെ സഖി സമാധാനപ്പെടുത്തുന്നു:—

Digitized By Kerala Sahitya Akademi

നന്നായ് മാഞ്ഞീല സന്ധ്യാരുചി; നവശശിയും
 പോയ്മറഞ്ഞീല;-തിൻമു-
ബിന്നാനാനിഷ്ടശങ്കസ്സൂനപദമടിപെ-
 ട്ടാകുലം കൊൾകൊലാ നീ;
ഒന്നാലോചിസ്സൂ: ബാലേ, തവ തരുണിമയൊ-
 ന്നാസ്വദിപ്പാൻ തരം കൈ-
വന്നാലും തട്ടവാ,നത്ര്യുമരസികനാ-
 ണെങ്കിലെന്തിന്നവൻ തേ? 36

---

കവിവാക്യം, സ്പഷ്ടം:—

ദൂരേൽക്കണ്ടിതനാം പ്രിയൻ മണിയറ-
 സ്സുള്ളിൽക്കടന്നപ്പൊഴെ-
ഞ്ഞ്ണോ,രോ ഹേതു പറഞ്ഞൊഴിഞ്ഞു സഖിമാ-
 രെല്ലാം പുറത്തെസ്സു പോയ്;
ഹാ! രോധിച്ചിതു ലജ്ജയെന്നൊരുവൾ താൻ
 മാറാതെ നിന്നാ,യവ-
ന്നാരോമൽത്തനുഗാത്രിതൻ തനു പുണ-
 ർന്നുണ്ടാം സുഖത്തെച്ചിരം. 37

---

ചിരസമാഗതനായ പ്രിയതമനുമായി രമിച്ചിട്ടു തൃപ്തി വരാത്ത നായിക, തന്റെ അന്തരംഗസഖിയോടു പറയുന്നു:—

വന്നിട്ടെന്നാറ പുക്ക സന്ധ്യ കഴിയു-
മ്പോഴെഴുന്നുമദ്ദേഹം;-മെ-
ന്തെന്നില്ലാതഥ സല്ലപിച്ചു സമയം
പോക്കീല നൽത്തോഴിമാർ;
എന്നിട്ടും ഫലമെന്തു? രാവിതുവരെ-
യ്ക്കോരോ യുഗം പോലെയായ്
നിന്നിട്ടി,ന്നലെയാശു കാൽനിമിഷമായ്-
ത്തീൎന്നെന്നെ വഞ്ചിച്ചതേ. 88

---

ധൂൎത്തനായ നായകൻ അനുനയിപ്പിയ്ക്കുവാൻ ഒരുമ്പെടായ്കയാൽ, മാനവതിയായ നായികയ്ക്കു നേരിട്ട ദുരവസ്ഥയെ കവി പറയുന്നു:—

വൻകള്ളത്തൊഴിലൊന്നുറച്ചു കിതവൻ
പ്രേയാനുദാസീനനായ്;
മങ്കപ്പൂണ്പിഥ കഷ്ടമെങ്ങിനെ കലാ-
ശിപ്പിയ്ക്കുമീൎഷ്യാവ്രതം?
കൊങ്കപ്പട്ട വെറും നിലത്തഥ വിരി-
ച്ചാൎദ്രയിൽപ്പോലതിൽ-
ത്തങ്കക്കയ്യു തലയ്ക്കു വെച്ചു, 'ശതകം
ചൊല്ലി'ശ്ശയിച്ചാളവൾ. 89

---

Digitized By Kerala Sahitya Akademi

തന്റെ ചിരാനുരാഗത്തിന്നു വിഷയമായ യുവതിയുടെ ഗൃഹത്തിൽ സംഗതിവശാൽ ഒരു ദിവസം അതിഥിയായി താമസിച്ച കാമുകൻ സ്വാനുഭവത്തെ തോഴനോടു പറയുന്നു:—

'എല്ലാപേരുമുറക്കമാണവിടെ;-യ-
ങ്ങെന്താണു വായിപ്പതെ?'-
ന്നുല്ലാസിസ്മിതവാങ്മധൂളി വിതറി-
ക്കൊണ്ടു,ച്ചനേരത്തു,വൾ
നല്ലാ നിർജ്ജനമേടമേൽക്കയറിവ-
ന്നെന്മുന്നിൽ നിന്നാൾ ചിരം;
വല്ലായ്മയ്ക്കൊരു ഗൌരവച്യുതിഭയം
ബാധിച്ചിതെന്നെത്തദാ! 40

---

ആഭിസാരികയുടെ യാത്രയെ കവി വർണ്ണിക്കുന്നു:—

നേരിട്ടിപ്പാതിരാവിൽ പ്രിയനുടെയരിക-
ത്തേയ്ക്കു താനേ ഗമിക്കും
നാരിയ്ക്കിന്നു ഞെട്ടുന്നിടി മുരജരവം;
മിന്നൽ പൊന്നിൻപ്രദീപം;
ഭൂരിധ്വാന്തം മിഴിയ്ക്കഞ്ജനം;-മഹഹ! മഴ-
ച്ചാറലോ പുഷ്പവർഷം;
പാരിങ്കൽ ദുഃഖസൌഖ്യാദികളവരവർതൻ-
തോന്നലാൽ മാത്രമത്രേ. 41

---

Digitized By Kerala Sahitya Akademi

വീണവായന മതിയാക്കട്ടെയോ എന്നു ചോദിക്കുന്ന പ്രിയതമയോടു സരസനായ നായകന്റെ മറുവടി:—

വീണക്കമ്പികൾ മീട്ടി നിൻ കരവിരൽ-
ക്കെല്ലാമിരട്ടിച്ചുമി-
ശ്ശോണത്വം ബത! കണ്ടു, 'ഗാനമുടനേ
നിർത്തേണ'മെന്നക്ഷിയും,
'വേണം തെല്ലിട കൂടി'യെന്നു ദൂരകൊ-
ണ്ടെൻകണ്ണുവും തങ്ങളിൽ,
പ്രാണപ്രേയസി, തക്കമാണി;-വിടെ ഞാൻ
മദ്ധ്യസ്ഥതയ്ക്കക്ഷമൻ! 42

ഒരു യുവാവിനോട്, ആയാളിൽ അഭിനിവിഷ്ടയായ നായികയുടെ മനസ്സംഗാതിശയത്തെ ദൂതി പറയുന്നു:—

താൻ താൻ തീർത്ത ഭവൽപ്രതിച്ഛവിപടം
പാർത്തുകയായ് വാഴ്കവേ,
കാന്താകാര! പൊടുന്നനെ സ്വപ്നികടേ
കാണായ മാതാവൊടായ്,
സ്വാന്താകമ്പമമർത്തി, 'ചിത്രപണി കഴി-
ഞ്ഞിട്ടില്ല: കൈ രണ്ടിലും
മാന്താരമ്പു, കരിമ്പുവില്ലിവയിനി-
ച്ചേർക്കേണ്ട'മെന്നാളവൾ. 43

Digitized By Kerala Sahitya Akademi

സഖികളാൽ മാനവതിയാക്കിച്ചെയ്യപ്പെട്ട പ്രശന്നനായികയുടെ അവസ്ഥാവിശേഷത്തെക്കണ്ടിട്ട് ഇതികർത്തവ്യതാമൂഢനായ നായകൻ വിചാരിക്കുന്നു:—

ശരദുഡുപനെക്കാളും സൌമ്യം മന-
സ്വിനിതൻമുഖം;
പരമുപചരിക്കുന്നു തൻദാസനെ-
പ്പലപാടിവൾ;
ചരണപതനംകൊണ്ടും പററാ പ്രസാ-
ദനമിങ്ങു; ഹാ!
വരസഖികൾതൻനേരംപോക്കെന്തവ-
സ്ഥയിലാക്കിമാം!! 44

---

പ്രിയതമയുടെ അടുക്കലെല്ലാ കാമലേഖനത്തോടുകൂടി അയയ്ക്കപ്പെട്ടിരുന്ന തോഴർ തിരിച്ചെത്തി കാമുകനോടു പറയുന്നു:—

നിൻതന്വീമണിതൻ നിരൂഢപുളക-
ശ്രീയാം കപോലത്തിലും
ചെന്തണ്ടാരിതൾ തോററ വായ്മലരിലും,
വാർകൊങ്കമൊട്ടിങ്കലും,
ചന്തത്തോടതു, സൌമ്യ, ചേൎന്നു പെരുമാ-
റീടുന്നതായ്ക്കണ്ടു ഞാൻ;

Digitized By Kerala Sahitya Akademi

ഹന്ത! സ്വാർത്ഥവിദഗ്ദ്ധനാമൊരു വിടൻ
തന്നേ ഭവല്ലേഖനം! 45

---

സംഗതിവശാൽ ഒരു അപരിഷ്കൃതദേശത്തു പോയി താമസിക്കുന്ന പ്രിയനെ ലഭിക്കുന്നതിൽ, ബന്ധുജനപ്രാതികൂല്യം നിമിത്തം നിരാശപ്രായയായിത്തീൎന്ന ഒരു യുവതി, തന്റെ ഇഷ്ടസഖിയോടു പറയുന്നു:—

പാരാകെ പ്രതികൂലമെൻനിനവിനെ-
ന്നാകട്ടെ!—യദ്ദേഹമാ-
യ്ച്ചേരാനില്ലി,നിയൊന്നു കാണുവതിനും
പാഴാശ കൊതിപ്പീല ഞാൻ;
ഈ രാഗം, 'മയിലാഞ്ചി' തേച്ചൊരു കര-
ത്തിന്റേതു പോലല്ലയെ-
ന്നാ, രാജ്യത്തെയലങ്കരിക്കുമവിടു-
ന്നോതാണ്ടറിഞ്ഞാൽ മതി! 41

---

കുട്ടിക്കാലം മുതൽക്കേ കൂട്ടുകെട്ടുള്ളവരും പല ദുർഘടങ്ങൾക്കു ശേഷം, ദൈവാനുഗ്രഹത്താൽ ദമ്പതികളായിത്തീൎന്നവരുമായ യുവാക്കളിൽ, വരൻ വധുവിനോടു, ലീലാഗൃഹത്തിൽ വെച്ചു പറയുന്നു:—

ശട്ടം വെച്ച ശിശുക്കളിസ്സ്കൂളിടയിലെ,ൻ-
മൂൎദ്ധാവിലെന്തോ മഷി-



Digitized By Kerala Sahitya Akademi

ഞ്ഞിട്ടത്തുമണൽ വാരിയിട്ട, ഹഹ! നിൻ
പ്രേമാധിപത്യത്തിൽ മേ
ചട്ടററുള്ള'രിയിട്ട വാഴ്ച' ശരിയായ്-
ക്കല്ലിച്ചൊരിക്കാഞ്ചന-
ക്കട്ടക്കയ്യുകൾ, കംബുകണ്ഠി, ചിരമെൻ-
കണ്ഠത്തിലപ്പിയ്ക്കു നീ! 47

---

ഒരു വിദഗ്ദ്ധയായ വേശ്യാംഗന, യാത്രോദ്യുക്തനായ കാമുകപ്രഭുവിനോട, വിരഹതാപം നടിച്ചുകൊണ്ട പറയുന്നു:—

സ്ഫാരപ്രേമാർദ്രമാകും തവ ഹൃദി സുചിരം
വാഴ്കയാൽധന്യമാമി-
ത്താരം ഹാരപ്രകാണ്ഡം മമ ശിശിരവിധി-
സ്സിങ്ങു വെയ്ക്കാതെ പോയാൽ
ചാരം താനാക്കിയേയ്ക്കാമുടനിവളെ, വിഭോ,
ഹാ! ഭവാൻ തന്ന പുത്തൻ-
വൈരക്കന്മോതിരം കണ്ടനുപദമുയരും
തപ്തിയോഗാഭിതാപം! 48

---

ഈർഷ്യാകോപത്താൽ നായകനെ പ്രത്യാഖ്യാനം ചെയ്തതിനാൽ പശ്ചാത്താപപ്പെടുന്ന നായികയുടെ സഖി, ആയാളെ കൂട്ടിക്കൊണ്ട വരുവാനായി താൻ ചെയ്ത ശ്രമം മുക്കാലും നിഷ്ഫലമായിക്കണ്ടിട്ടു, തന്നെത്താൻ വിഷാദിയ്ക്കുന്നു:—

Digitized By Kerala Sahitya Akademi

തോരുന്നൊന്നല്ലു, ഹഹ! സഖിതൻ
കണ്ണുനീരു;—പ്പൂമണ്ണിൽ-
ച്ചേരും വിത്തായ് മമ കരുണവാ-
ക്കൊക്കെയാക്കക്ലേശങ്ങൾ;
കാരുണ്യത്തിൻകലവറ വെറും-
ശ്ശൂന്യമായ്ത്തീൎന്ന നാളോ,
പാരുണ്ടാക്കുന്നവനിഹ പുമാ-
ന്മാരെ നിൎമ്മിച്ചുവിട്ടു! 49

---

കാമുകൻ പ്രണയിനിക്കു ദൂതീമുഖേന അയച്ച സന്ദേശത്തിലെ ഒരഭിജ്ഞാനവാക്യം:—

തന്മേലക്കുഴൽ ചിക്കുമോളിയൊടിട-
യ്ക്കെന്തോ ചോടിച്ചു,ന്നു നീ-
യെന്മേലെയ്ക്കൂടവോടെറിഞ്ഞ പനിനീർ-
പ്പൂവിന്നുമുണ്ടെൻവശം;
നിന്മേനിയ്ക്കെതിൎനിന്നതാമതധുനാ
വാടിക്കരിഞ്ഞതാലു, മി-
ങ്ങുന്മേഷപ്രദ, മുല്ലസിച്ചുചെടിമേ-
ലുള്ളൊന്നിനെക്കാളുമേ! 50

---

Digitized By Kerala Sahitya Akademi

നല്ല നിലാവുള്ള രാത്രിയിൽ സങ്കേതസ്ഥലത്തേയ്ക്കു പോകാൻ തുടങ്ങുന്ന അപ്രഗല്ഭനായികയെ സഖി ധൈര്യപ്പെടുത്തുന്നു:—

ഫാലാന്തേ, സഖി, ചന്ദനക്കുറികളും,
 പോർകൊങ്കവെള്ളിക്കുടം
പോലാകും പടി വെള്ളറൌക്കിയു, മതി-
 ന്മേലച്ഛഹാരങ്ങളും,
ചേലായ്ച്ചേർത്തുകഴിഞ്ഞു; വേണ്ടഭയ,മി-
 പ്പൂമ്പട്ടുടുത്തു,ജ്ജ്വല-
ശ്രീ ലാത്തുന്ന നിലാവിൽ മറ്റൊരുനിലാ-
 വായങ്ങു പൊയ്ക്കൊൾക നീ! 51

കാമപീഡിതയായ ഒരു നവോഢയുടെ അന്തരംഗപ്രാർത്ഥന:—

'സ്നാനാലങ്കരണാദി, ഞങ്ങളെ വിളി-
 യ്ക്കാതിത്ര കാലത്തു താൻ
താനായ്ച്ചെയ്കതയുക്ത'മെന്നപഹസി-
 ച്ചാരെന്നെയിന്നാളിമാർ;
സൂനാസ്ത്രാഭനെയിന്നലെത്തൊട്ടുകയേ
 ചെയ്തീല നിന്നാജ്ഞയാൽ;
ഞാനാളല്ലതിനിന്നു; നീയൊരഴിവും-
 ക്കൊള്ളേണമെൻനാണമേ! 52

Digitized By Kerala Sahitya Akademi

ഈൎഷ്യാകോപം പൂണ്ട നായികയെ നായകൻ സവിനയം പ്രസാദിപ്പിക്കുന്നു:—

ഭാവം ഹന്ത! പകൎന്നു, ചില്ലിയിണയാം
വില്ലാവതോളം വളു-
ച്ചേവം തീക്ഷ്ണകടാക്ഷമാം കണ തൊടു-
ത്തീടുന്നതെന്തിന്നു നീ?
ലാവണ്യായുധമൊന്നിനാൽ,സ്സുവദനേ!
പാരൊക്കെ വെന്നിട്ടു,നി-
ക്കാൽ വന്ദിപ്പൊരു ദാസനോടു കയറി-
പ്പോരിന്നു ഭാവിസ്സുയോ? 53

ഉദ്യാനത്തിൽ പൂമാല കെട്ടിക്കൊണ്ടിരിക്കുന്ന ഒരു സുന്ദരിയെക്കണ്ടിട്ടു മനസ്സംഗം ജനിച്ച കാമുകന്റെ വിചാരം:—

ചെങ്കയ്ത്താർവിരലിൻ മിനുപ്പനുഭവി-
ച്ചുംകൊണ്ടി,ടക്കോമന-
ക്കൊങ്കപ്പൊന്തൊടുമൊന്നുരുമ്മി വിലസു-
ന്നീധന്യമാം നൂലിനാൽ
തങ്കപ്പെൺകൊടി കെട്ടിടുന്നു തറയിൽ-
ച്ചന്തംപടിഞ്ഞിങ്ങിരു-
ന്ന,ങ്കത്തിൽച്ചിതറിക്കിടക്കുമലരിൻ-
ചാൎത്തോ, മമ സ്വാന്തമോ! 54

Digitized By Kerala Sahitya Akademi

സഖിമാരാൽ ഈൎഷ്യാകോപത്തെ അവലംബിപ്പിക്കപ്പെട്ട നായികക്കു ഭൎത്തൃസമാഗമത്തിൽ ഉണ്ടായ അവസ്ഥാവിശേഷത്തെ കവി വൎണ്ണിക്കുന്നു:—

ആക്ഷിപ്തൻ പ്രിയനഭ്യുപായവിധിയ-
ങ്ങോൎക്കുമ്പൊഴെല്ലാം, ചകോ-
രാക്ഷിക്കീൎഷ്യ വഹിച്ചിരുന്ന വദനം
താനേ മൃദുസ്മേരമായ്;
വീക്ഷിക്കുംപ്പൊഴുതില്ലുകിലും,മ-
ത്യൽക്കണ്ഠമായ് ലോചനം:
സൂക്ഷിച്ചീടിലുമെത്രകണ്ടു നിലനി-
ന്നീടും പുറംപൂച്ചുകൾ? 55

---

പ്രിയാവിരഹിതനായി ദൂരദിക്കിൽ താമസിക്കുന്ന കാമുകന്റെ നിൎവ്വേദത്തോടുകൂടിയ വിചാരം:—

ആ രാജാഘവരാംഗിയെങ്ങു?—വിടെയോ
നിസ്സാരജന്മാവിവൻ?
ശ്രീ രാജിപ്പൊരു തങ്കനൂലിനു വെറും-
മഞ്ചാടി യോജിക്കുമോ?
ചേരാച്ചേൎച്ച വരുത്തിയെന്നൊരയശ-
സ്സേല്ക്കാതിരിക്കാൻ സുരാ-
മാരാൽ ഞങ്ങളെ വേൎപിരിച്ചതു വിധാ-
താവെന്നു താനെന്മതം! 56

---

Digitized By Kerala Sahitya Akademi

കവിവാക്യം:—

ഫാലേ വേർപ്പുകൾ വററിയില്ല മുഴുവൻ;
വാർകൂന്തൽ കെട്ടിക്കഴി-
ഞ്ഞീലേ;-ററം മുലമൊട്ടുലച്ച നെടുവീ-
ർപ്പററീല; യെന്നാകിലും,
ചാലേ തൽക്ഷണശോഭയാൽ തരളനാം
കാന്തന്റെ നൽച്ചുംബന-
ത്താലേ പേലവഗാത്രിയാൾക്കു—പരമെ-
ന്തോതാം,മതാന്തൻ സ്മരൻ! 57

---

ഉദ്യാനത്തിൽ സഖിമാരോടുകൂടി സഞ്ചരിക്കുന്നതിനിടയിൽ, തലേന്നാൾ തനിക്കു സങ്കേതസ്ഥലമായിരുന്ന വള്ളിക്കുട്ടിന്നടുക്കൽ ചെന്നെത്തിയ നായികയുടെ ആകാരഗോപനശ്രമത്തെ കവി പറയുന്നു:—

നല്പാരാമതലേ, ചതഞ്ഞ തളിരും
പുഷ്പങ്ങളും കീഴ്നില-
ത്തെല്ലാം ചിന്നി, മണം പെരുന്നൊരു നികു-
ഞ്ജത്തിന്നടുത്തെത്തവേ,
ഉല്ലാസാഞ്ചിതഗണ്ഡസീമ്നി പുളകം
പൂണ്ടോരു പൂന്തേനൊളി-
ച്ചൊല്ലാളെ,'ത്ര തണുത്ത കാററിവിടെ' യെ-
ന്നാളാളിമാരോടുടൻ. 58

---

Digitized By Kerala Sahitya Akademi

എന്തായാലും ഈൎഷ്യാകോപം വിട്ടു പ്രസാദിക്കാത്ത നായികയെ, നായകപ്രേഷിതയായ സഖി അനുശാസിക്കുന്നു:—

തീരെത്താനപരാധോഷനെങ്കില്ല, മിവൻ
കഷ്ടേററു തെറെറാക്കയും;
പോരെങ്കിൽപ്പ്രീതി കാക്കൽ വീണു; തെളിവി-
ല്ലല്ലോ നിനക്കിപ്പൊഴും;
ആരെന്നാലുമിണക്കമാൎന്നിരുവരെ-
ക്കണ്ടാൽപ്പൊറാത്തോഷണി-
ക്കാരെത്തന്നെ കൃതാൎത്ഥരാക്കുവതിനോ,
മുഗ്ദ്ധേ, തുടങ്ങുന്നു നീ? 59

---

തന്റെ അനുരാഗഭാജനമായ കന്യകയെ തനിക്കു കിട്ടുവാൻ പ്രയാസമെന്നറിഞ്ഞിട്ടു നിൎവ്വിണ്ണനായ ഒരു വിദ്യാൎത്ഥി യുവാവ് അവൾക്കയച്ച കത്തിലെ ചില വരികൾ:—

പ്രാണാ—മാപ്പരുളേണമെന്നവിനയ-
ത്തിന്നി!-യ്യിവൻ കഷ്ടമാ-
രാണാ ശ്രേഷ്ഠവചസ്സിനാൽ ഭവതിയെ-
സ്സംബോധനംചെയ്യുവാൻ?
ചേണാൎന്നോരു പരീക്ഷയിൽ,പ്പറയുവാൻ
ഞാനും ജയം നേടി പോ-
ലേ;-ണാക്ഷീമണി, വാസ്തവത്തിലി,വനി-
ജ്ജന്മത്തിലുണ്ടോ ജയം? 60

---

Digitized By Kerala Sahitya Akademi

നായകാഗമനം കണ്ടിട്ട നായികക്കുണ്ടായ ഹൎഷവികാരങ്ങളെ കവി വൎണ്ണിക്കുന്നു:—

തന്നാഥാഗമനം പ്രഹൎഷമൊടു ക-
ണ്ടി,ഷ്ടോക്തികാമാൽക്കണ-
ക്കെ,ന്നാളീകമുഖിക്കു കണ്ണിനികടം
പ്രാപിച്ചു നേത്രോൽപലം;
നന്നായ്ക്കാണ്മതിന്നോ നിവൎന്നു നിലവായ്
രോമങ്ങളു;-ണ്ടോട്ടു താൻ
ചെന്നാലോ ദ്രുത,മെന്നപോലൊരു പുള-
പ്പാൎന്നു മുലപ്പൊങ്ങടം. 61

സങ്കേതസ്ഥലത്തെത്തിയ അഭിസാരികക്കു്, അവിടെ കാമുകനെ കാണായ്കയാൽ ഉണ്ടായ ചിന്താവൈവിധ്യത്തെ കവി വിവരിക്കുന്നു:—

ഹാ! ഹാ! ശൂന്യം നികുഞ്ജോദര;-മവിടെയണ-
ഞ്ഞീലയോ കാന്തൻ? മിത്ര-
ദ്രോഹാനുഷ്ഠാനമെങ്ങു?-ങ്ങനഘചരിതരാ?-
ദ്ദൂതി വിശ്വാസപാത്രം!
സ്നേഹാന്തം കാന്തനേറേറാ?-ഹത മശുഭ!-മല-
ക്കുന്നു നിൎവാററ?ലെന്നീ-



Digitized By Kerala Sahitya Akademi

യൂഥാപോഢങ്ങൾ പൂണ്ടാക്കമനി പുത്തമ-
സ്സോന്നിലാപ്പെട്ട രാവിൽ. 62

ചിരാന്തരക്തന്മാരായ വധൂവരന്മാക്കു പ്രഥമസമാഗമത്തിലുണ്ടായ ദശാവിശേഷത്തെ കവി പറയുന്നു:—

ചേലാം ചേച്ച് പെട്ടത്ത ബാന്ധവർ പിരി-
ഞ്ഞത്യല്പികലാ വിണ്ടലം
പോലാം മച്ചിൽ വധൂവരോത്തമർ തനി-
ച്ചായപ്പൊഴെല്ലും, ത്തലോം
ലോലാത്മാക്കളവൎക്കു, ഹന്ത! പല നാൾ
ചിന്തിച്ചുറപ്പിച്ചതാം
ലീലാശൈലികളൊക്കെ വിസ്മൃതിയിലായ്
ഢഷ്ഷാലശേഷത്തിനാൽ! 63

ഖണ്ഡിതയായ മുഗ്ദ്ധനായികയെ നായകൻ കൌശലത്തിൽ അനുനയിപ്പിക്കുന്നു:—

ഉൾപ്പോരല്പമിതീ:– നിതംബഭരവും
വാർപൂങ്കുഴൽക്കെട്ടുമു-
ള്ളപ്പോൾ നിൻെറ പുറംതിരിഞ്ഞ ശയനം-
കൊണ്ടെന്തുവാൻ തോൽവി മേ?
ചെപ്പോടേററ കുചം കുലുക്കിയെഴനേ-
ററിട്ടെന്തു?റയ്ക്കുള്ളിൽ നി-

Digitized By Kerala Sahitya Akademi

ന്നിപ്പോഴക്കാൽ മമ നെഞ്ചിൽനിന്നകലുവാ-
നാളാകുമോ, ചണ്ഡി, നീ? 64

------

ബന്ധുക്കളുടെ ആലോചന എന്തുകൊണ്ടോ മറെറാരു വഴിക്കായകയാൽ, ശ്രേഷ്ഠനായ തൻെറ കാമുകനോടു ചേരുന്നതിന്നു നിവൃത്തി കാണാഞ്ഞിട്ടു്, അത്യുൽക്കണ്ഠിതയായ നായിക ലോകത്തെ വെറുക്കുന്നു:—

അന്തസ്സുള്ള കുലീനനാ,ത്തവിഭവൻ,
വിദ്യാവിവേകാഢ്യന,-
ത്യന്തം സുന്ദരനെ,ാന്നുകൊണ്ടു മിടിവി-
ല്ലപ്പൂരുഷനെ;-ങ്കിലും,
എന്തയ്യോ! പറയേണ്ടു? മൽപ്രണയമ-
സ്ഥാനത്തിലായ്ത്തീൎന്നു പോൽ!
സ്വന്തം സ്വാൎത്ഥപരത്വമിത്തിരി കുറ-
ക്കാമോ, ജഗത്തേ, ഭവാൻ! 65

------

സങ്കേതസ്ഥലത്തു കാമുകൻ വന്നുചേരായ്കയാൽ അക്ഷമയായി വൈവശ്യപ്പെടുന്ന അഭിസാരികയെ സഖി ആശ്വസിപ്പിക്കുന്നു:—

ഒരു നിമിഷവും വൈകിട്ടില്ലാ വരും
സമയം; വൃഥാ

64. ചണ്ഡി=കോപശാലിനി.

Digitized By Kerala Sahitya Akademi

പുരുരുജയോടെന്തിപ്പൂമെത്തപ്പുറ-
ത്തുരുളുന്നു നീ?
കരുതലൊട്ടമിന്നെന്നാലാക്കുപ്പമീ-
ത്തവ വേഷമാ-
വിരുതന്റെ രുചിയ്ക്കില്ലെന്നാമോ, വിലാ-
സിനി, നിന്മതം? 66

—

ദൂരയാത്രോദ്യുക്തനായ നായകനും വിരഹഭീതയായ നായികയും തമ്മിൽ നടന്ന സംഭാഷണം:—

'എന്നാൽ പോയിവരട്ടെ'-'യെന്നിഹ തിരി-
ച്ചെത്തീടു?'-'മേഴെട്ടു നാൾ
ചെന്നാൽ'- 'ഭദ്ര,മനേകമാണ്ടു നിലനി-
ല്ക്കട്ടേ ഭവദ്വൈഭവം!'
'നന്നാശീർവ്വചനം, പ്രിയേ!'- 'ദയിത, ഞാ-
നാശിച്ചതൊക്കാത്തതാ-
ണെന്നാലെ,ന്നവിദൂരഭാവിജനിയിൽ-
ച്ചേർത്താവെനിക്കാരുവാൻ'? 67

—

67. ഏഴെട്ടുദിവസത്തെ ഭർത്തൃവിരഹം തനിക്കു സഹ്യമല്ല; താൻ അതിനിടയിൽ മരിച്ചുപോകും എന്നാണ് നായിക സൂചിപ്പിക്കുന്നത്.

Digitized By Kerala Sahitya Akademi

പ്രണയിനിയെ ലഭിക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വിഘ്നങ്ങളാൽ മുക്കാലും നിരാശനായിത്തീൎന്ന കാമുകൻ, അവളുടെ അനുരാഗസൂചനകളെ ഓൎത്തു തന്നെത്താൻ സങ്കടപ്പെടുന്നു:—

ഹാ! ലേശം കരുതീലിത;-ങ്ങയെ, മുദാ
മൂൎത്താനുരാഗത്തിനെ-
പ്പോലേ, ഭാമിനി, ഭാഗ്യരേഖ തെളിയാ-
ത്തിക്കയ്യിലപ്പിക്കയാൽ
ചേലേറുന്നവൾതന്റെ തൂന്നൽവിരുതിൻ
ദൃഷ്ടാന്തമായുള്ളൊരെൻ
കൈലേസ്സേ, തവ ജോലി തപ്തമിഴിനീ-
രൊപ്പുന്നതായ്ത്തീൎന്നുതേ! 68

———

കൂരിരുട്ടുള്ള രാത്രിയിൽ അഭിസരണോദ്യതയായ നായികയെ യഥോചിതവേഷഭൂഷിതയാക്കി, സഖി സസന്തോഷം യാത്രയാക്കുന്നു:—

ഓമൽത്തോഴി, പുറപ്പെടാം സുഖമിനി;-
ദ്ധ്വാന്താഭിസാരാഷ്ടമീ
ശ്രീമന്മേചകവേഷമാൎന്ന തവ പൂ-
മെയ്യെത്ര സമ്മോഹനം!
ഹാ! മറെറന്തുരചെയ്യു?മാസ്സുഭഗനെ-
പ്പുൽകാന,ളിശ്യാമനാം

Digitized By Kerala Sahitya Akademi

കാമൻ കാമിനിയായ്ച്ചമഞ്ഞതു കണ-
ക്കത്രേ വിളങ്ങുന്നു നീ! 69

---

ഈർഷ്യാവിവശയായ പ്രിയതമയെ യഥോചിതം അനുനയിപ്പിയ്ക്കാൻ ശ്രമിയ്ക്കാതെ ഒരു രാത്രി കഴിച്ചുകൂട്ടിയ നായകൻ, അന്നു താൻ അനുഭവിച്ച സങ്കടത്തെ, സഖാവിനോടു പറയുന്നു:—

മാനംകൊണ്ടു മുഖം തിരിയ്ക്കിലു,മിട-
യ്ക്കോട്ടേറെ വീർത്തു,ങ്കലാ-
മാനഞ്ചുന്നൊളിനോട്ടമിട്ടു,വളട-
ക്കൽത്താൻ കിടന്നീടവേ,
'മൌനം മുമ്പിവൾ കൈവിടട്ടെ! മടിയെ-
ന്തെ?'–ന്നീക്കൊട്ടംവാശിയാൽ
ഞാനന്നല്ലിൽ നടത്തിനേനൊരു തരം
തീവ്രാസിധാരാവ്രതം! 70

---

കവിവാക്യം:—

നാലേ നാഴികയുള്ളു രാത്രി പുലരാൻ:
വൃദ്ധക്കോഴിതൻ കൂകൽ കേ-

---

70. മാനം=ഈർഷ്യാകോപം (പ്രണയകലഹം അസിധാരാവ്രതം) 'മഹാഭാരത'ത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ട്ടീലേ കണ്ണുകറോര?'മെന്നിടർ പെട്ടും
പ്രേയാൻെറയാഭാഷണം,
പാലേലുംമൊഴിയാളിൽ വാട്ടമൊട്ടറ-
ങ്ങുന്നാ സ്മരസ്വാമിയെ-
ക്കാലേ പള്ളിയുണർത്തുവാനുതകിടും
വൈതാളികോൽഗീതമായ്! 71

ഒരു തവണ സമാഗമസൌഖ്യം അനുഭവിച്ചു പിരിഞ്ഞ കാമുകൻ ദൂരവാസദുഃഖിതനായിട്ടു, പ്രിയതമക്കയച്ച സന്ദേശത്തിലെ ഒരു ഭാഗം:—

സോമൻ, ദ്വിഷമുഖംക്കലന്ന കവിടി-
ക്കിണ്ണം; സുവർണ്ണാനനേ!
ഹേമന്തപ്പനിനീർസ്സമം, ശുഭതനോ!
ശുദ്ധം ചിരട്ടക്കനൽ;
ഓമൽക്കോമളകണ്ഠി! കോകിലരുതം
ക്രോഷ്ടാവിട്ടന്നോരിതാ-
നീ;-മട്ടായ് മമ തോന്നലൊക്കെ,യൊരുന്നാ-
ളുണ്ടായ നിൻചേർച്ചയാൽ. 72

ഒരുത്സവത്തിലെ ജനസംഘത്തിൽ വെച്ചു കാമുകൻെറ സമ്മുഖദർശനത്തിൽ തനിക്കുണ്ടായ വികാരങ്ങളെ മറക്കാൻ ശ്രമിക്കുന്ന നായികയോടു മർമ്മജ്ഞയായ സഖിയുടെ സാവഹാസോക്തി:—

Digitized By Kerala Sahitya Akademi

നല്ലാരിന്മണി, തൻകരത്തളിരിലെ-
പ്പൂച്ചെണ്ടുമേലുള്ള പൂ-
വെല്ലാം ചീന്തിയിടുന്ന പാഴ്തൊഴിലിനായ്-
ക്കമ്പിട്ടു നിൽക്കേണ്ട നീ;
മല്ലാസ്ത്രന്നിതിനാൽ ശരക്ഷതി വരാ!
പൊങ്ങിയ്ക്കുകൊന്നീ മുഖം;
തെല്ലാരാലനിമേഷമായ് വിലസുമാ
നേത്രത്തെ വഞ്ചിയ്ക്കൊലാ! 73

---

തങ്ങൾ ഈർഷ്യാകോപം പിടിപ്പിച്ച നായികയെ വിദഗ്ദ്ധനായ നായകൻ ക്ഷണേന അനുനയിപ്പിച്ച സംഗതി, സഖിമാരിൽ ഒരുവൾ മറ്റൊരുവളോടു പറയുന്നു:—

‘ഞാനല്പം ശഠനെങ്കിലാട്ടെ! വിനമി-
യ്ക്കായ്കെ,ൻശിരസ്സേ! പെരു-
ത്താനന്ദം തരുമീത്തുടുത്ത പനിനീർ-
പ്പൂവിന്റെ ദിവ്യാഭയെ
പാനംചെയ്തു രസിച്ചിടട്ടെ ചെറുതെൻ-
കണ്ണേ!-ന്നവൻ ചൊൽകവേ,
മാനത്തിന്നുദകം കഴിച്ചു മറിമാൻ-
നേർകണ്ണി കണ്ണീരിനാൽ! 74

---

ഒരുവങ്കൽ ദൃഢമായ അനുരാഗം നിമിത്തം മററു വരന്മാരെ നിഷേധിക്കുകയാൽ ഗുരുജനങ്ങളുടെ അപ്രീതിക്കു പാത്രീഭവിച്ച ഒരു മനസ്വിനിയുടെ മനോരാജ്യം:—

പരവതി ഞാ,നഹോ! ഗുരുവരക്കുവശംവദയായ്!
സ്ഥിരനിലയാൽക്കിടച്ച മമ ചാപലദുഷ്പ്രഥയും!
പരമിതു നിൻെറ പല്ലവസുമോൽഗമമാവുകിലെ-
ത്തരമിനി മേൽ വരുന്നഫല,മെന്നനുരാഗലതേ? 75

—

നായകനു സങ്കേതസ്ഥലത്തുവെച്ചു പ്രണയിനീസമാഗമം ലഭിച്ച സന്തോഷവത്തമാനം, നമ്മസചിവൻ, ആയാളുടെ സുഹൃത്തിനെ ധരിപ്പിക്കുന്നു:—

സ്വാന്താകഷ്കമഞ്ജുളധ്വനി പെറും-
മാററം പദന്യാസ, മ-
ക്ലാന്താലംകൃതിഭംഗി, ഭാവരസവാ-
സ്ഥിത്യാദിയൊത്തങ്ങിനെ
താൻ താനാഗതയാം വിലാസിനി തദാ,
തങ്കൽ പ്രിയം തങ്കുമാ-
ക്കാന്താത്മാവിനെ മേത്തരം കവിത പോ-
ലേററം രമിപ്പിച്ചുതേ. 76

—

75. പരവതി=പരാധീന (അസ്വതന്ത്ര.)



Digitized By Kerala Sahitya Akademi

ലീലാഗൃഹത്തിൽ പ്രവേശിച്ച നായകൻ വാസകസജ്ജികയായ പ്രിയതമയുടെ കിടപ്പു കണ്ടിട്ടു, സകൌതുകം വർണ്ണിക്കുന്നു:—

കാലേതാനും മടക്കി,ത്തുട തുടയുടെ മേൽ-
ച്ചേർത്ത്, തിന്ന,ബ്ജമാല്യം
പോലേ വാരിസ്സുമേൽ നീട്ടിയ രുചിരവല-
ങ്കയ്യലങ്കാരമാക്കി,
മേലേ വൻപോർമുലപ്പൊന്നണി ചിതറുമിടം-
കൈ കവിൾത്തട്ടിനേകി-
ച്ചേലേറും കണ്ണടച്ചെ,ൻശശികലിക,യിതാ,
വെൺനഭസ്സിൽശ്ശയിപ്പൂ! 77

---

വിരഹപീഡിതയായ നായികയുടെ കാമലേഖനം കാമുകനെത്തിച്ചുകൊടുത്ത ദൂതി, ആയാളുടെ താൽക്കാലികാവസ്ഥയെ തൻെറ ചങ്ങാതിയോടു പറയുന്നു:—

ആളുപ്പിന്നൊരു നാലു വാക്കമെഴുതാ-
നാ മുഗ്ദ്ധയാളെ;ങ്കിലും
കേളു,ക്കത്തിലെയക്ഷരങ്ങളനുരാ-
ഗാദ്വൈതസൂത്രങ്ങൾ താൻ!
നീളം പൂണ്ട വിചിന്തനത്തിൽ മുഴുകി-
സ്സാക്ഷാൽ 'മഹാഭാരത'-

Digitized By Kerala Sahitya Akademi

ത്തോളം പോന്നൊരു ഭാഷ്യമായതി,നിതാ!
തീക്ഷ്ണം തൽക്കാമുകൻ. 78

---

സഖീജനോപദേശപ്രകാരം ഈൎഷ്യാകോപത്തെ അവലംബിച്ച അധീരയായ നായികക്കു വല്ലഭസമാഗമാവസരത്തിലുണ്ടായ വല്ലായ്മയെ കവി വൎണ്ണിക്കുന്നു:—

ശോണാഭം വദനം തിരിക്കില്ല,ടനാ-
ബ്ഭാഗത്തു ചെല്ലും പ്രിയൻ;
പ്രാണാധീശപദാന്തവും കിമപി താൻ
കണ്ടാൽച്ചലിക്കും മനം;
കാണായ്വാൻ മിഴി ചീമ്മിയാൽ, നിബിഡമാം
കണ്ണീർ പതിക്കും ക്ഷണാ-
ലേ;-ന്നാപാംഗി കുഴക്കിലായി, വെറുതേ
മാനത്തെ മാനിക്കയാൽ! 79

---

പരിഹാസശീലമാരായ സഖികരം അറിഞ്ഞെങ്കിലോ എന്നോത്തു വിശേഷിച്ചും സാദ്ധ്വസപ്പെടുന്ന നവോഢയെ, ഇംഗിതജ്ഞനായ നായകൻ ധൈൎയ്യപ്പെടുത്തുന്നു:—

യാമം രണ്ടു കഴിഞ്ഞു രാവിനധുനാ;
നിദ്രാസമാശ്ലേഷണ-
വ്യാമൎദ്ദത്തിൽ മയങ്ങി ലോകമഖിലം;
പൂമച്ചിൽ നാം മാത്രമായ്;

Digitized By Kerala Sahitya Akademi

കാമം പോലുള്ളി തേൻ നുകൎന്ന മലരി-
നുണ്ടോ പരിക്ലേശമാ-
റോ? മൽത്തോഴികൾ ദിവ്യദൃഷ്ടികളുമ-
ല്ലെന്തിന്നു പേടിപ്പു നീ? 80

ചിരപ്രാൎത്ഥിതമായ പ്രിയതമരഹസ്സമാഗമം ലഭിച്ച ആ ശുഭാവസരത്തെ ലജ്ജാധിക്യംമൂലം പാഴാക്കിക്കളഞ്ഞ നായികയോടു സഖിയുടെ അനുകമ്പോക്തി:—

ദേഹാസക്തി കുറഞ്ഞു,ലംകൃതികളിൽ-
ത്തെല്ലേറെ വൈമുഖ്യമാ-
ന്നാഹാരാദികളൊക്കെ വിട്ടു,ഭികവി-
ശ്ലേഷവ്രതം കൊൾകിലും,
നീഹാരാംശുമുഖി, ത്രപാഭരണമി-
ന്നോളം ത്യജിയ്ക്കായ്കയാ-
ലാ,ഹാ! കിട്ടിയ ഭാഗ്യവും പഴതെയായ്-
പ്പശ്ചാത്തപിയ്ക്കുന്നു നീ. 81

ചിരവിരഹാനന്തരം പ്രിയയുമായി ചേൎന്ന യുവാവ് അവളോടു സഹൎഷാതിരേകം പറയുന്നു:—

പാലാണിന്നു നിലാവിതു,ന്നലെ വരെ-
ച്ചുണ്ണാമ്പുവെള്ളം; മധു-

81. അഭികവിശ്ലേഷവ്രതം=പ്രിയവിരഹമാകുന്ന വ്രതം.

Digitized By Kerala Sahitya Akademi

ശ്രീലാസ്യോത്സവരംഗമിന്നുപവനം,
 പ്രേതപ്പറമ്പിന്നലെ;
മേലാകെക്കനൽ ചേൎത്തിരുന്ന ചെറുകാ-
 ററിന്നത്തർ വീശുന്നു മേ;
നീലാപാംഗി, ജഗത്തു നീളെ നവമായ്-
 ത്തോന്നുന്നു നിൻചേച്ചയാൽ! 82

'വസന്താരംഭത്തിൽ—നമ്മുടെ മുററത്തെ കൊന്ന പൂക്കളൊഴെല്ലാം—ഞാൻ തിരിച്ചെത്തും' എന്നിങ്ങിനെ യാത്ര പറഞ്ഞു ദൂരദേശത്തെയ്ക്കു പോയ നായകൻ യഥാനിശ്ചയം വന്നു ചേരാഞ്ഞതിനാൽ, അസഹനീയമായിത്തീൎന്ന വിരഹദുഃഖം മൂലം മരണാഭിലാഷിണിയായ നായിക പ്രലപിയ്ക്കുന്നു:—

ഇന്നാടോടിയഗസ്ത്യദിക്പവനനും
 ചെല്ലാത്ത രാജ്യത്തിലാ-
ണെൻനാഥൻ; ഭയമെന്തിനി?-വക ജയോ-
 ത്സാഹം ജഗത്സമ്മതം;
എന്നാൽ, ശൃങ്കലയായ പൊൻതടിയുമായ്
 മുററത്തിവണ്ണം വൃഥാ
നിന്നാലോ! തവ പേരു 'കൊന്ന'മരമേ!
 സാൎത്ഥീകരിയ്ക്കാശു നീ. 83

83. അഗസ്ത്യദിക്പവനൻ=തെക്കൻകാററ്.

Digitized By Kerala Sahitya Akademi

രാത്രിയിൽ കാന്താർത്ഥിനിയായി സങ്കേതസ്ഥലത്തെയ്ക്കു പോകുന്ന നായികയ്ക്കു, വഴിയ്ക്കു വെച്ചുതന്നെ പ്രിയസമാഗമം ലഭിച്ച സംഗതി, അവളുടെ അന്തരംഗസഖി മറ്റൊരു സഖിയോടു പറയുന്നു:—

ഘോരോദീർണ്ണതമിസ്രമാം വഴിയിൽവെ-
ച്ചു,കോമളാംഗത്തിൽ വ-
ന്നാരോ മുട്ടി;-യതിൽത്തനിയ്ക്കൊരു ഭയം
തോന്നീലയെന്നാകിലും,
ആരോമാഞ്ചിതയായ്, വിയർത്തു,വൾ വിറ-
ക്കൊള്ളാതിരുന്നീല; മ-
റ്റാരോടോതുവതെന്തിന?-ന്നവിടമേ
തോഴിയ്ക്കു സങ്കേതമായ്! 84

---

വിദേശത്തുനിന്നു സ്വരാജ്യത്തെയ്ക്കു മടങ്ങുമ്പോൾ, വഴിയ്ക്കു് ഒരു സത്രത്തിൽ രാത്രി കഴിച്ചുകൂട്ടുന്ന വാണിജയുവാവു ഹേമന്തോദ്ദീപിതപ്രിയാവിരഹതാപനായിട്ടു, തന്നെത്താൻ പറയുന്നു:—

മട്ടിപ്പാലു പുകച്ചു മഞ്ജുമണിമ-
ച്ചല്ലീ വഴിസ്സത്രു;-മാ-

---

84. കനകച്ചെപ്പ്=സ്വർണ്ണനാണ്യം നിറച്ച ചെപ്പ്. ഇതു ചോരഭയം നിമിത്തം, ശയ്യയാൾ കിടക്കുമ്പോൾ അരികത്തു തന്നെ വെച്ചിരിക്കയാണ്.

Digitized By Kerala Sahitya Akademi

ക്കട്ടിപ്പോർമുലയല്ല, രണ്ടു കനക-
ച്ചെപ്പാണിതെന്നന്തികേ;
ഒട്ടിപ്പോഠം വിരമിക്കു: നാലു ദിവസത്തിയാൽ
ഞാനങ്ങു ചെന്നിട്ടിതേ-
മട്ടിൽത്തേ വിഹരിച്ചിടാം, ഹൃദയഭ്രൂ-
സാമന്ത, ഹേമന്തമേ! 85

---

കവി പറയുന്നു:—

പ്രേമപ്പുഞ്ചിരി മാററിയില്ല; വദനേ
വൈവർണ്യമേന്തീല; തൻ-
നേമത്തിന്നെതിരായനാദരതയും
കാട്ടീല കാന്തൻെറമേൽ;
ആ മസ്സ്വിണ്ണി, പുറത്തുപോം സഖികളെ-
സ്സല്ലാപസല്ലീലയാൽ
പൃമച്ചിൽസ്സുചിരം നിറുത്തി, വഴിപോം-
ലൊപ്പിച്ചു മാനഗ്രഹം. 86

---

ഒരു സുന്ദരി വീണ വായിച്ചുകൊണ്ടിരിക്കുന്നതു കണ്ടിട്ട് അവളെ കാമിക്കുന്ന യുവാവ് ആത്മഗതമായിപ്പറയുന്നു:—

മരന്ദച്ചോല്ലാഠതൻ മടിയിലിഹ മേ-
വുന്ന സുഖനി-

Digitized By Kerala Sahitya Akademi

ഭരം, വീണത്തണ്ടേ, മൃദുലകരസ-
മ്മൃഷ്ടതനുവായ്;
തരത്തിൽപ്പോർകൊങ്കത്തടമൊട്ട മുഴു-
മ്മുന്നു ബഹുധാ;
മരം നീ ഭാഗ്യത്താലമരനുമസൂ-
യാകര,മഹോ! 87

താൻ കാമിച്ചുവരുന്ന പുരുഷനെ, 'വരനു യോഗ്യത മതിയായില്ല' എന്നുവെച്ചു ബന്ധുക്കൾ നിഷേധിച്ച വിവരം അറിഞ്ഞിട്ട്, അത്യുൽക്കണ്ഠിതയായ ഒരു സുന്ദരി പ്രിയസഖിയോട് ആവലാതി പറയുന്നു:—

ശ്രീയാണു,വശ്യയാണു, ശീലവതിയാ-
ണെ,ന്നൊക്കെ, നാട്ടാർ വെട്ട-
പ്പായാ,ഹന്ത! പുകഴ്ത്തുമീ മൊഴികളാൽ
കണ്ണും തഴമ്പിച്ചു മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവി-
ല്ലാത്തോരു സാധാരണ-
സ്ത്രീയായാൽ മതിയായിരുന്നു! വിധി താ-
നെന്നെച്ചതിച്ചു വൃഥാ! 88

നിശ്ചയപ്രകാരം സങ്കേതസ്ഥലത്തു ഗൂഢമായിച്ചെന്നിട്ടു, സംഗതിവശാൽ ആശാഭംഗത്തോടെ തിരിച്ചുപോരേണ്ടിവന്ന കാമുകൻ തന്റെ നർമ്മസചിവനോട് പറയുന്നു:—

Digitized By Kerala Sahitya Akademi

എൻതാപത്തിനു ശാന്തിയിന്നു വരുമെ-
ന്നോർത്താ,മലർത്തോപ്പില-
ത്യന്താവേഗമണഞ്ഞ നമ്മെയൊളിവിൽ-
ക്കണ്ടിട്ടു കഞ്ജാക്ഷിയാം,
ഹന്താവിഷ്കൃതലീലയായൊ,-'രിതളും
പോകാത്തതാണീയിളം
ചെന്താരെ'ന്നൊ,രു പൂവറുത്തു സഖിമാ-
ർക്കൊട്ടുകളു കാട്ടീടിനാൾ. 89

നായകൻ അനുനയിപ്പിയ്ക്കായ്കയാൽ ഈർഷ്യാകോപത്തോടു കൂടിത്തന്നെ പണിപ്പെട്ടു രാത്രി കഴിച്ചുകൂട്ടിയ നായികയോടു രാവിലെ സഖി പറയുന്നു:—

ചേലേറുന്ന വിലോചനം കലുഷിതം;
കൈത്തണ്ടു നേത്രാഞ്ജന-
ത്താലേ പങ്കിലം;-മങ്കിതം കവിളണി-
പ്പൊൻകങ്കണപ്പാടിനാൽ;
ചാലേ വാടി വരണ്ടിരിപ്പിതധരം;
ഹാ! ചണ്ഡി! നിന്മേനി മേ-

---

89. 'ഞാൻ രജസ്വലയായിരിക്കുന്നു, അത് ഇന്നു തന്നെയാണുതാനും' എന്നാണ് ഒരിതളും പോകാത്ത ചെന്താര് അറുത്തു കാട്ടിയതിന്റെ സാരം.



Digitized By Kerala Sahitya Akademi

ന്മേലേ ചൊല്ലുവതുണ്ടു രാത്രികഥയും
നാഥന്റെ ദാക്ഷിണ്യവും! 90

---

സഖികളുടെ നിർബ്ബന്ധം നിമിത്തം, ഇദംപ്രഥമമായി ഈർഷ്യാകോപം പ്രകടിപ്പിക്കുന്ന നായികയോടു വിദഗ്ദ്ധനായ നായകൻ ചോദിക്കുന്നു:—

കൈ രണ്ടും തവ പത്മരാഗ;-മളക-
സ്തോമം മഹാനീല;-മുൽ-
സ്മേരശ്രീമുഖമിന്ദുകാന്ത;-മിതുമ-
ട്ടുൽകൃഷ്ടരത്നാംഗി, നീ
'വൈരം' കൂടി വഹിക്കിലുള്ളഴകെനി-
ക്കിന്നാഢ്യമായ്ക്കാണുവാ-
നാരൻപോടിടയാക്കി; നിഷ്കൃതിയവ-
ക്കെന്തൊന്നു ചെയ്യേണ്ടു ഞാൻ! 91

---

നായകനെ ആനയിപ്പാൻ അയക്കപ്പെട്ട ദൂതി, ആയാളുമായി സ്വയം രമിച്ചു തിരിച്ചെത്തിയതു കണ്ടിട്ടു്, അവളുടെ പ്രയത്നത്തെ, ഗാംഭീര്യശാലിനിയായ നായിക, ഈർഷ്യാഗർഭമായി അഭിനന്ദിക്കുന്നു:—

---

90. നാഥനു ദാക്ഷിണ്യം ലേശംപോലുമില്ലെന്നും നിന്റെ ദേഹം കണ്ടാലറിയാം. നീ രാത്രി മുഴുവൻ നിന്റെ കയ്യും തലയ്ക്കു വെച്ചു കരഞ്ഞും, നെടുവീർപ്പിട്ടും കിടക്കുകയായിരുന്നുവല്ലോ.

91. നിഷ്കൃതി=പ്രത്യുപകാരം.

Digitized By Kerala Sahitya Akademi

മാടേലും മുലകൾക്കിളക്കമുളവാ-
ക്കുന്നി നെടുംവീൎപ്പതൻ
ചൂടേററിട്ടു വിവൎണ്ണമായ് വെറുതെ നിൻ
താംബൂലതാമ്രാധരം;
പാടേ, ഞാൻ തൊടുവിച്ച ചെങ്കുറികളും
മാഞ്ഞു വിയൎപ്പാലഃഅൽ-
പ്പാടേവം തവ, ദൂതി, ഭോക്കവരവാ-
ലാപ്പെട്ടു ഞാൻ കാരണം! 92

---

കവിവാക്യം:—

ഒററയ്ക്കായ നതാംഗി വിശ്രമഗൃഹേ,
രണ്ടംഗുലിച്ചെന്തളി-
ക്കററത്തേന്തിയ വെററിലച്ചുരുളിനെ-
ത്തൻനേക്കു നീട്ടീടവേ,
'ചെററല്ലാതണിഃമേഘവില്ലൊളി പെറും
നൽപ്പെൺപിറാവൊന്നി,താ!
മുററത്താ,ണിനു കൊക്കു കൊണ്ടിരയെടു-
ത്തേകുന്നുവെന്നാൻ പ്രിയൻ. 93

---

ചിരപ്രോഷിതഭൎത്തൃകയായ നായിക, അവളോടു കുശല പ്രശ്നം ചെയ്ത ഒരു സഖിയോടു മറുവടി പറയുന്നു:—

Digitized By Kerala Sahitya Akademi

മൌനം പൂണ്ടു, ഗുരുസ്മരൻെറയുപദേ-
ശത്താലൊ,രേകാന്തമാം
സ്ഥാനത്തിൽ, ശ്രുതികൾക്കമിന്നകലെയാ-
യുള്ളാപ്പരാത്മാവിനെ
ധ്യാനംചെയ്തമരും തപസ്വിനിയെയോ
ബാധിച്ചിടുന്നൂ കട-
ന്നാനന്ദേതരമാം വികാര?-മിഥ നിൻ.
ക്ഷേമാനുയോഗം വൃഥാ! 94

---

ഒരു യുവതി സുഹൃന്മദ്ധ്യസ്ഥിതനായ തൻെറ കാമുകനെ ഗൂഢമായി കടാക്ഷിയ്ക്കുന്നതു മറെറാരു രസികൻ കാണുന്നു:—

ക്ഷൌമം ചേൎന്നാ മൃദൂദരോപരി വലം
കയ്ത്താർ വിലഗ്നത്തിൽ വെ-
ച്ചോ,മൽഗ്ഗണ്ഡമിടംകരത്തളിരിലും
ചായ്ച്ചി,ച്ചകോരാക്ഷിയാൾ,
തൂമന്ദസ്മിതമാൎന്ന ചെഞ്ചൊടിയുമായ്,-
ത്തൂൺ ചാരിനിന്നു,ല്ലസൽ-

---

94. ശ്രുതികൾ=ചെവികൾ; വേദങ്ങൾ എന്നും. പരാത്മാവ്=ശ്രേഷ്ഠഹൃദയൻ; പരബ്രഹ്മം എന്നും തപസ്വിനി=ശോചനീയ (പാവപ്പെട്ടവൾ); താപസി എന്നും. ക്ഷേമാനുയോഗം=കുശലപ്രശ്നം.

Digitized By Kerala Sahitya Akademi

പ്രേമക്കൺമുന നീട്ടിടുന്നിതൊളിവാ-
യേ,തോ മഹാധന്യനിൽ. 95

---

നായകാഗമനത്തിൽ പ്രണയകലഹത്തോടുകൂടി ഇരിപ്പാൻ നിർബ്ബന്ധിയ്ക്കുന്ന സഖിയോടു നായിക സവിനയം അപേക്ഷിയ്ക്കുന്നു:—

നേരായ് നാഴിക മുപ്പതേ രജനിയൊ-
ന്നിന്നുള്ളു; മത്സന്നിധൗ
ചേരാനെ,ൻകണവനൊരെട്ടു മണിയാ-
കേണ്ടാത്ത നാറ്റം ദുർല്ലഭം;
പോരാ, കാലമിതുത്തരായണം;-മതി
പ്രൌഢൻ വസന്തപ്രിയൻ; (താൻ
പോരാത്തോളിവറ്റം; തോഴി, തക്ക തൊഴിൽ
ചിന്തിച്ചു ചെയ്യിയ്ക്ക നീ. 96

---

അഭിസാരികയുടെ യാത്രാസമയപ്രാർത്ഥന:—

എല്ലാ യാമവുമേറേ നീട്ടിയിടുകി-
ന്നംബ, ത്രിയാമേ! തുലോം
നല്ലാളായ തമിസ്രമേ, ത്രിഭുവനം
കീഴാക്കി വർത്തിയ്ക്ക നീ!

---

96. ഉത്തരായണകാലത്തു രാത്രി കുറയും.

Digitized By Kerala Sahitya Akademi

ഉല്ലാസോൽബണതാരകാമിഴികളാൽ
നോക്കും പ്രിയവ്യോമമേ,
ചൊല്ലാസ്ലന്ന്യജനത്തൊടീയബലതൻ
ചാപല്യമോ, ധൈര്യമോ! 97

---

വിരഹിണിയായ നായികയുടെ ദുരവസ്ഥയെ സഖി വിവരിക്കുന്നു:—

ഹാരം ഹാരവിഭൂഷ; ചന്ദനമിളൽ-
കർപ്പൂരസാരം വെറും
ചാരം; ചാരുതരാംഗിയാൾക്കൊളി വെറും
ചന്ദ്രാംശു ചണ്ഡാതപം;
പാരം രാത്രികൾ കാളരാത്രികളു;-ഹോ!
സംസാരമൊട്ടുക്ക നി-
സ്സാരം; സംപ്രതി ജീവിതേശവിരഹാൽ
ഭാരായിതം ജീവിതം. 98

---

വിരഹാതുരയായ നായികയും, ചിരപ്രോഷിതനായ നായകൻെറ ആഗമനം ദൂരത്തുനിന്നു കണ്ടിട്ട് ആ സന്തോഷവൃത്താന്തം അറിയിപ്പാൻ ചെന്ന സഖിയും, തമ്മിൽ നടന്ന സംഭാഷണം:—

---

97. ഹാരവിഭൂഷ=ഹാരസംബന്ധിയായ ആഭരണം (സപ്പം)

Digitized By Kerala Sahitya Akademi

'കട്ടേറെത്തെളിവെന്തു തേ'?- 'തവ കളി-
പ്പൂങ്കോഴിതൻ വായട-
ച്ചിട്ടേനെ-' 'ന്തിന?'-തിൻെറ കൂകൽ വഴിയാ-
യല്ലീ പ്രഭാതാഗമം?'
'പെട്ടേയ്ക്കാം മമ നീളുമീ രജനിയിൽ-
ത്താൻ മൃത്യു'.-'പാപം ശമി-
യ്ക്കട്ടേ!!' 'കാന്തനൊടോതുകാളി കഥ മേ'
'നീ ചൊൽകി,താ, വല്ലഭൻ!' 99

---

ഉപവനത്തിൽ കേളീലാലസന്മാരായ യുവതികളെ കവി കാണുന്നു:—

മാന്താരിൻ മണമാന്ന തെന്നലിളകും
വാസന്തരാവിൽ,ഗൃഹ-
പ്രാന്താരാമതലേ, നിലാവിൽ മുഴുകും
വെൺതിണ്ണമേൽ വാണി, താ!
താൻ താനങ്കതടേ കിടത്തിയ നെടും-
കാർവേണിതൻ വേപ്പണി-

---

99. 'വിരഹതാപത്താൽ ഉറക്കം വരാതെ കഷ്ടപ്പെടുന്നനി 'വല്ല വിധത്തിലും കോഴി കൂകിയാൽ മതിയായിരുന്നു' എന്നു പറയാറുണ്ടല്ലോ; എന്നാൽ, ഇന്ന് അത്ര വേഗത്തിൽ കോഴി കൂകുകയല്ല (നേരം വെളിച്ചമാവുകയല്ല) വേണ്ടതെന്നു വെച്ചാണ് ഞാൻ കളിപ്പൂങ്കോഴിയുടെ വായ് അടച്ചിട്ടത്' എന്നു സഖീഹൃദയം.

Digitized By Kerala Sahitya Akademi

ത്താന്താംഗങ്ങൾ തലോടിടുന്നു കൃതിയാം
കാന്തൻ കരത്താരിനാൽ. 100

---

കാമുകന്റെ കത്തു കിട്ടിയതു കാണിച്ചുകൊടുത്ത നായികയോടു സഖി സസന്തോഷം അഭിപ്രായപ്പെടുന്നു:—

വാരഞ്ചും പ്രണയാംബുധിയ്ക്കടിയിൽനി-
ന്നൌത്സുക്യമാം മുക്കവൻ
പാരം മുങ്ങിയെടുത്തു നൽകിയവയും,
ജാത്യാ മഹാർഘങ്ങളും,
മാരൻ ശില്പിവരൻ കടഞ്ഞവയുമാം
രത്നങ്ങൾ താനക്ഷരാ-
കാരം പൂണ്ടു ലസിപ്പു, ഭാഗ്യവതി! തൽ-
സ്സംഭാവനക്കത്തിതിൽ. 101

---

താൻ പല കുറി പ്രിയാസമാഗമസുഖം അനുഭവിച്ചിട്ടുള്ള സങ്കേതസ്ഥലം കണ്ടിട്ടു സഹർഷനായ കാമുകൻ മനസ്സുകൊണ്ടു സ്തോത്രം ചെയ്യുന്നു:—

ധാരാളം വിജയിയ്ക്ക, തൂമലർമണം
തൂകും പ്രിയോദ്യാനമേ!
ദൂരാഹ്ലാദികപോതപോതരണിതം
ചിന്നും ലതാകുഞ്ജമേ!
നീരാട്ടും കുളിർകാററിലാമ്പലിളകി-
ത്തത്തും സരസ്സേ! ഭവാ-
ന്മാരാണെ,ന്നുമെനിയ്ക്കു വാഞ്ഛിതവരം
നൽകുന്ന മുമ്മൂർത്തികൾ!! 102

---

ശുഭം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized by Kerala Sahitya Akademi